നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

3.00 ക.

# നാണക്കേടിന്റെ ചിത്രം



സെപ്തംബർ 22ന് ഇന്ത്യയിലെ പ്രധാന പത്രങ്ങളിലെല്ലാം വന്ന ചിത്രം

140 ഡിസംബർ 2008

# വിവരാവകാശനിയമം വിപ്ലവം സൃഷ്ടിക്കുന്നു

**- അനുപമ സാക്സേന -**

**അ**ഴിമതിക്കാർക്ക് ഇന്ന് ഒരു പേടി സ്വപ്നമായിത്തീർന്നിരിക്കുകയാണ് വിവരാവകാശ നിയമം. ഇതിന്റെ ഉത്ഭവവും വളർച്ചയും അറിയേണ്ടേ? രാജസ്ഥാനിലെ ഗ്രാമപ്രദേശങ്ങളിലാണിതിന്റെ ജനനം. ഇരുപതു കൊല്ലം മുമ്പ് രാജസ്ഥാനിലെ ഗ്രാമീണർക്കിടയിൽ മസ്ദൂർ കിസാൻ ശക്തി സംഘടന എന്ന പേരിൽ ഒരു സന്നദ്ധ സംഘടന പ്രവർത്തിച്ചിരുന്നു. ഭരണ സംവിധാനങ്ങളറിയാൻ ജനങ്ങൾക്കവകാശമുണ്ടെന്ന് ഈ സംഘടന പ്രഖ്യാപിച്ചു. സർക്കാർ രേഖകൾ കാണണം, സർക്കാർ ചെലവുകൾ സോഷ്യൽ ഓഡിറ്റിങ്ങിനു വിധേയമാക്കണം, ജനങ്ങളുടെ പരാതി പരിഹരിക്കാൻ ഒരു സംവിധാനം ഉണ്ടാക്കണം എന്നിവയായിരുന്നു സംഘടനയുടെ ആവശ്യങ്ങൾ.

ജനങ്ങളുടെ വിവരാവകാശം സംബന്ധിച്ച് ദേശീയ തലത്തിൽതന്നെ ഒരു പ്രക്ഷോഭണം വളർന്നുവന്നു. അവസാനം 1997 ൽ ചേർന്ന മുഖ്യമന്ത്രിമാരുടെ സമ്മേളനം ഇത്തരമൊരു വിവരാവകാശ നിയമത്തിന്ന് കേന്ദ്രഗവർമ്മേണ്ടും സംസ്ഥാനഗവർമ്മേണ്ടുകളും രൂപം നൽകണമെന്ന് തീരുമാനിച്ചു. ഇതനനുസരിച്ച് ആദ്യമൊരു നിയമം പാസാക്കിയതും രാജസ്ഥാനിലാണ്.

കേന്ദ്രഗവർമ്മേണ്ട് 2002 ലാണ് വിവരാവകാശനിയമം പാസാക്കിയത്. ഭരണ സംവിധാനത്തിന്റെ ഉള്ളറകളിലേക്കെത്തിനോക്കാൻ ഇതോടെ ജനങ്ങൾക്ക് സൗകര്യം ലഭിച്ചു. അഴിമതിയിലും കെടുകാര്യസ്ഥതയിലും ആറാടിക്കൊണ്ടിരുന്നവരെ പിടിച്ചു നിർത്തി സമാധാനം പറയിക്കാൻ സാധാരണക്കാർക്ക് ഇതോടെ അവസരം കൈവന്നു.

രാജസ്ഥാനിൽ ഒരു റോഡ് നിർമ്മിച്ചു. പക്ഷെ അത് കടലാസിൽ മാത്രമായിരുന്നു. നാട്ടുകാർ വിവരാവകാശനിയമപ്രകാരം അപേക്ഷ സമർപ്പിച്ചതോടെ കള്ളത്തരം മുഴുവൻ പുറത്തുവന്നു. ദൽഹിയിൽ പാവപ്പെട്ട ഒരു സ്ത്രീ പൊതുവിതരണ കേന്ദ്രത്തിൽനിന്ന് അരിയും ഗോതമ്പും വാങ്ങി. കച്ചവടക്കാരൻ അതിന്ന് കമ്പോളവില ഈടാക്കിയപ്പോൾ തനിക്ക് റേഷനരിക്ക് അർഹതയുണ്ടല്ലോ എന്നവർ ഓർമ്മിപ്പിച്ചു. റേഷനരി വന്നിട്ടില്ലെന്നും, ഇത് കമ്പോള അരിയാണെന്നും അയാൾ സമാധാനം പറഞ്ഞു. ഒരു പൊതു പ്രവർത്തകൻ വിവരാവകാശ നിയമപ്രകാരം ഒരപേക്ഷ സമർപ്പിച്ചപ്പോൾ ആ സ്ത്രീക്കു നൽകിയത് യഥാർത്ഥ റേഷനരിതന്നെയാണെന്ന് തെളിഞ്ഞു.

തുഷാർ ദൽവിക്ക് ആദായ നികുതിക്കാരിൽനിന്ന് ഒരു ലക്ഷം ക. തിരിച്ചു കിട്ടേണ്ടതുണ്ടായിരുന്നു. അഞ്ചു കൊല്ലം നടന്നിട്ടും ഫലമുണ്ടായില്ല. സർവ്വീസ് ചാർജായി 50,000 ക. അടയ്ക്കണമെന്നാണ് ക്ലർക്ക് പറഞ്ഞിരുന്നത്. ഗതികെട്ടപ്പോൾ അദ്ദേഹം വിവരാവകാശ നിയമപ്രകാരം ഹർജി കൊടുത്തു. കയ്യോടെത്തന്നെ ഒരു ലക്ഷം ക. കിട്ടുകയും ചെയ്തു.

റേഷൻ വാങ്ങുന്ന പാവങ്ങൾ മുതൽ ലക്ഷപ്രഭുക്കൾവരെയുള്ളവർക്കെല്ലാം വിവരാവകാശ നിയമം ഉഗ്രമായൊരു ആയുധമാണ്. ചില സന്നദ്ധ സംഘടനകൾ മുൻകയ്യെടുക്കുന്നപക്ഷം നാട്ടിലെ അഴിമതിക്കറുതി വരുത്താൻ ഇതുതന്നെ ധാരാളമാണ്. ❑

ജനനീതി

ഡിസംബർ 2008
**140**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# ആത്മീയതയിൽ വിലയം പ്രാപിച്ച പാരിസ്ഥിതിക ചിന്ത

**അ**സാധാരണമായ ഒരു പ്രതിഭാസമായിരുന്നു ജോൺ സി. ജേക്കബ്ബ് എന്ന പാരിസ്ഥിതിക ചിന്തകൻ. 1972ൽ സ്റ്റോക്ക് ഹോമിൽ ഒന്നാമത്തെ പാരിസ്ഥിതിക അന്താരാഷ്ട്ര സമ്മേളനം നടക്കുന്നതിന് ഒരു ദശകം മുമ്പുതന്നെ ജോൺ സി. ജേക്കബ്ബ് തന്റെ പാരിസ്ഥിതിക പ്രവർത്തനം ആരംഭിച്ചിരുന്നു. പ്രകൃതിയെപ്പറ്റി പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുക എന്നതു ഒരധ്യാപകനായിരുന്ന അദ്ദേഹത്തിന് ഒരാവേശമായിരുന്നു. വെറും പുസ്തകപുഴുക്കളായി ബിരുദമെടുത്ത് തിരിച്ചു പോകുന്നതിൽമാത്രം താല്പര്യം കാണിക്കുന്ന വരൊഴിച്ചുള്ള വിദ്യാർത്ഥികൾക്ക് ഈ അധ്യാപകൻ പുതിയൊരനുഭവമായിരുന്നു. ക്ലാസ്മുറികൾക്കകത്തെന്നതിനേക്കാൾ പഠിക്കാനുള്ളത് പുറത്താണെന്ന് അവർ മനസ്സിലാക്കി. ജിജ്ഞാസുക്കളായ ഇത്തരം കുട്ടികളായിരുന്നു ജോൺ സി. ജേക്കബ്ബിന്റെ ഏറ്റവും വലിയ മുതൽക്കൂട്ട്. കുട്ടികൾ അയക്കുന്ന കത്തുകളും (മുതിർന്നവരുടേയും ഉണ്ടാകും) അവയ്ക്കദ്ദേഹം നൽകുന്ന മറുപടികളുമായിരുന്നു അദ്ദേഹം പ്രസിദ്ധീകരിച്ച മാസികകളുടെയെല്ലാം മുഖമുദ്ര. ഇന്നു കേരളത്തിലുള്ള പരിസ്ഥിതി പ്രവർത്തകരിൽ വലിയൊരു ഭാഗം ഈ സംവാദങ്ങളിലൂടെ വളർന്നുവന്നവരാണ്.

ജോൺ സി. ജേക്കബ്ബിന്റെ പാരിസ്ഥിതിക പ്രവർത്തനം, അവസാന ഘട്ടത്തിൽ, ഭാരതീയ പൈതൃകമനുസരിച്ചുള്ള ഒരു ആത്മീയതലത്തിലേക്ക് ഉയരുകയുണ്ടായി. അതു ഉൾക്കൊള്ളാൻ കഴിയുന്നവർ അപൂർവ്വമാണെങ്കിലും, അത് അദ്ദേഹത്തിന്റെ ശിഷ്യസമ്പത്തിനെ കുറച്ചില്ല, കൂട്ടുകയേ ചെയ്തുള്ളൂ.

പുസ്തകങ്ങളേയും ഉപദേശങ്ങളേയും ആശ്രയിക്കാതെ സ്വന്തം മന:സ്സാക്ഷിക്കനുസരിച്ച് മുന്നോട്ടുപോകാനാണ് മറ്റെല്ലാ മഹാത്മാക്കളേയും പോലെ, ജോൺ സി. ജേക്കബ്ബും ശിഷ്യഗണങ്ങളൊട് ആവശ്യപ്പെട്ടിരിക്കുന്നത്. അതാണ് ശരിയായ മാർഗ്ഗവും. ❏

# പൗരസ്വാതന്ത്ര്യം ഇഷ്ടദാനമാകരുത്

നാനാതരത്തിൽപെട്ട തീവ്രവാദികൾ ഈ നാടിനെ നശിപ്പിക്കുമെന്നാണ് തോന്നുന്നത്. ഇതിനെയെല്ലാം വളർത്താൻ മാത്രം സഹായിക്കുന്ന വിധത്തിലാണ് ഇവിടത്തെ പോലീസിന്റെ പെരുമാറ്റം. യു.പി.യിലെ പോലീസ് പണ്ടേ പക്ഷപാതം കാണിക്കുന്നതിന്ന് കുപ്രസിദ്ധമാണ്. അവിടത്തെ ഓരോ അടിപിടിക്കേസും പോലീസിന്റെ ഔദാര്യംകൊണ്ട് വർഗ്ഗീയ കലാപമായി മാറാറുണ്ട്. അത്രക്കും അക്ഷന്തവ്യമായ പക്ഷപാതമാണ് പോലീസ് അവിടെ പ്രകടിപ്പിക്കാറുള്ളത്. യു.പി.യിലെ പോലീസിനെ ബാധിച്ചിരുന്ന ഈ രോഗം ഇപ്പോൾ മറ്റ് സംസ്ഥാനങ്ങളിലേക്കും പടർന്നു പിടിച്ചു വരികയാണെന്നു തോന്നുന്നു. ഭരണഘടനയിൽ പൗരസ്വാതന്ത്ര്യത്തിന്ന് വ്യവസ്ഥചെയ്തിട്ടുണ്ടെങ്കിലും ഫലത്തിൽ അത് പോലീസിന്റെ ഒരു ഇഷ്ടദാനമാണെന്നാണ് വന്നിരിക്കുന്നത്. പോലീസിന്നിവിടെ ആരെ വേണമെങ്കിലും എന്തുകുറ്റം ചുമത്തിയും അറസ്റ്റ് ചെയ്യാം; അതിന്ന് ഒരു തരി തെളിവുപോലും ഹാജരാക്കേണ്ടതില്ല. അതിനേക്കാൾ എളുപ്പം കണ്ടവനെ വെടിവെച്ചുകൊന്ന്, അവനൊരു ഭീകരനാണെന്നു പറഞ്ഞാൽ മതി. ആരും അതിനെ ചോദ്യം ചെയ്യില്ലെന്നല്ല കൊലപാതകം നടത്തിയവന്ന് സമ്മാനമോ പ്രമോഷനോ ലഭിച്ചുവെന്നുംവരും.

ഭീകരൻ മുതൽ മോഷ്ടാവുവരെയുള്ള നാനാതരത്തിലുള്ള കുറ്റം ചുമത്തി ഇവിടെ അറസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ളവരിൽ എത്രപേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്? അറസ്റ്റ് ചെയ്യപ്പെട്ടവനെ കോടതിയിൽ ഹാജരാക്കണമെന്ന ഒരു നിയമമുണ്ട്. അതനുസരിച്ച് ഹാജരാക്കപ്പെടുന്നവരെ കോടതി റിമാൻഡ് ചെയ്യും. അവന്നുപിന്നെ മോചനമില്ല. റിമാൻഡ് ചെയ്ത കോടതിക്കോ അറസ്റ്റ് ചെയ്ത പോലീസിന്നോ അവന്റെ കാര്യം ഒരു പ്രശ്നമല്ല. നമ്മുടെ ജയിലുകളിലുള്ളവരിൽ വലിയൊരു ഭാഗം ഇത്തരം "വിചാരണ തടവു"കാരാണ്.

നവംബർ 13ന്ന് സുപ്രീം കോടതിയിൽ ഒരു വിധിയുണ്ടായി. ഭരണഘടനയിലെ 21-ാം അനുഛേദമനുസരിച്ച് ഒരാൾക്ക് തന്റെ ജീവനവകാശമുണ്ട്. ജീവന്നവകാശമെന്നു പറഞ്ഞാൽ സൽപേരിന്നുള്ള അവകാശമാണ്. സൽപേര് നഷ്ടപ്പെട്ടവൻ ജീവിച്ചിരുന്നിട്ടു കാര്യമില്ല എന്ന ഗീതാശ്ലോകം വരെ വിധിയിൽ ഉദ്ധരിച്ചിട്ടുണ്ട്. അറസ്റ്റ് ഒരാളുടെ പേരിന്ന് കളങ്കമുണ്ടാക്കും. പിന്നീട് ജാമ്യത്തിൽ വിടാമെന്നു പറഞ്ഞിട്ടുകാര്യമില്ല. അറസ്റ്റിന്നുള്ള കല്പന നിയമവിരുദ്ധമാണെങ്കിൽ, അറസ്റ്റിന്നുമുമ്പു തന്നെ കോടതിക്ക് അത് തടയാമെന്നാണ് സുപ്രീംകോടതി വിധിച്ചിരിക്കുന്നത്.

കൽക്കത്തയിലെ വലിയൊരു പണക്കാരന്റെ കേസാകയാൽ ഇത് പുറത്തുവന്നുവെന്നേയുള്ളൂ. സുപ്രീം കോടതിയുടെ ഈ മാനദണ്ഡമനുസരിച്ചാണെങ്കിൽ നമ്മുടെ ജയിലുകളിലുള്ള മിക്ക വിചാരണത്തടവുകാരെയും വിട്ടയക്കേണ്ടിവരും. മാത്രമല്ല, "സംശയ"ത്തിന്റെ പേരിൽ നടന്നുവരുന്ന അറസ്റ്റുകളെല്ലാം നിർത്തിവയ്ക്കേണ്ടതായും വരും.

സമഗ്രാധിപത്യ രാജ്യങ്ങളിലും സ്വേഛാധിപത്യ രാജ്യങ്ങളിലും ഭരണാധികാരികൾ നടത്തിവരാറുള്ളതുപോലെ, കണ്ടവരെയെല്ലാം പിടിച്ചു ജയിലിലിടുന്ന ഏർപ്പാട് ഇന്ത്യയെപ്പോലുള്ള ഒരു ജനാധിപത്യ രാജ്യത്തിൽ അനുവദിക്കാവുന്നതല്ല. ഒരു ജനാധിപത്യ രാജ്യത്തിലും ഇത്തരം അറസ്റ്റുകൾ പതിവില്ലതാനും. ❑

# ഹരജിക്കാരൻ ജഡ്ജിയായി നിയമിക്കപ്പെടുമ്പോൾ

**- മീന മേനോൻ -**

പ്രക്ഷോഭകർ എതിർസ്ഥാനത്തെത്തിച്ചേരുന്നത് അത്ര സാധാരണമല്ല. വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ ആവശ്യപ്പെടുന്ന ഹരജികൾ എഴുതിക്കൊടുത്തിരുന്ന ശൈലേഷ് ഗാന്ധി ഇപ്പോൾ കേന്ദ്ര ഇൻഫർമേഷൻ കമ്മീഷണറാണ്. സംസ്ഥാന ഇൻഫർമേഷൻ കമ്മീഷനുകളുടെ തീരുമാനത്തിന്നെതിരായി അപ്പീൽ സമർപ്പിക്കാനുള്ള കേന്ദ്ര ഇൻഫർമേഷൻ കമ്മീഷണർമാരിലൊരാളായി നിയമിക്കപ്പെട്ടിരിക്കുന്നത് ശൈലേഷ് ഗാന്ധിയാണ്.

വിവരാവകാശ നിയമത്തിന്നുവേണ്ടി പ്രക്ഷോഭണം നടത്തിയിരുന്നവരിലൊരാളായ ശൈലേഷ് കാര്യക്ഷമതക്ക് ഉറപ്പുനൽകുന്നു. ഏത് അപ്പീലും മൂന്നു മാസത്തിന്നകം തീരുമാനമാകുമെന്ന് അദ്ദേഹം ഒരഭിമുഖ സംഭാഷണത്തിൽ ഉറപ്പുനൽകി. ഈ നിയമനം തന്നെ ആവേശഭരിതനാക്കിയിട്ടുണ്ടെന്നും അപ്പീൽ ഹരജികളിൽ മൂന്നുമാസത്തിന്നകം തീരുമാനമെടുക്കുക എന്നത് സാധ്യമായ കാര്യമാണെന്ന് താൻ വിശ്വസിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

“കർക്കശ സ്വഭാവിയായ ഒരു ബിസിനസ് മാനേജരാണ് ഞാൻ. ഇവിടെ തെറ്റുപറ്റാൻ ഒരു കാരണവും കാണുന്നില്ല. ഇത് സാധ്യമാണെന്ന് തെളിയിക്കാനുള്ള ഒരവസരമാണിത്. അതോടെ എല്ലാവരുടേയും നിലവാരം ഉയരുകയും ചെയ്യും” എന്നും അദ്ദേഹം പറഞ്ഞു.

വിവരാവകാശ കമ്മീഷണർമാരെ തിരഞ്ഞെടുക്കുന്നത് സുതാര്യമായ രീതിയിലല്ലെന്ന് പൊതു പ്രവർത്തകർ സ്ഥിരമായി ആക്ഷേപിക്കാറുണ്ട്. കമ്മീഷണർമാരിൽ 75-80 ശതമാനം റിട്ടയർ ചെയ്ത ഉദ്യോഗസ്ഥന്മാരാണ്. പുതിയ കമ്മീഷണർമാരെ നിയമിക്കേണ്ട സമയം വന്നപ്പോൾ ജൂലിയോ റീബീറോ, ബി.ജി. ദേശ്മുഖ് തുടങ്ങിയ പൗര പ്രമുഖർ പ്രധാനമന്ത്രിക്കും സോണിയാ ഗാന്ധിക്കും ഒരു കത്തയച്ചു. കമ്മീഷണർമാരായി നിയമിക്കാൻ പറ്റിയ കുറെ ആളുകളുടെ പേരടങ്ങിയ ഒരു ലിസ്റ്റും



ശൈലേഷ് ഗാന്ധി

അതിൽ വച്ചിരുന്നു. അതിലൊരു പേർ ശൈലേഷ് ഗാന്ധിയുടേതായിരുന്നു. പക്ഷെ, എന്തെങ്കിലും ഫലമുണ്ടാകുമെന്ന് ആരും കരുതിയിരുന്നില്ല.

61 വയസ്സുള്ള ശൈലേഷ് ഗാന്ധി ജനങ്ങളുടെ വിവരാവകാശത്തിന്നുള്ള നാഷനൽ കാമ്പയിന്റെ കൺവീനറാണ്. ഇൻഫർമേഷൻ കമ്മീഷണർമാരുടെ പ്രവർത്തനങ്ങളെപ്പറ്റി അസുഖകരമായ ഒട്ടേറെ കാര്യങ്ങൾ ഇദ്ദേഹത്തിന്നറിയാം. “വാസ്തവം പറഞ്ഞാൽ, ഒരെണ്ണവും പണിയെടുക്കുന്നില്ല” എന്ന് അദ്ദേഹം പറയുന്നു. വിവധ ഓഫീസുകളിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെ തീരുമാനത്തിന്നെതിരായോ അവരുടെ മേധാവിമാരുടെ തീരുമാന

ത്തിന്നെതിരായോ ഇൻഫർമേഷൻ കമ്മീഷണർക്ക് സമർപ്പിക്കുന്ന അപ്പീലുകൾ കെട്ടിക്കിടക്കുകയാണ്. മഹാരാഷ്ട്രത്തിലെ ഇൻഫർമേഷൻ കമ്മീഷന്റെ ഓഫീസിൽതന്നെ 16500 അപ്പീലുകൾ കെട്ടികിടപ്പുണ്ട്. കേന്ദ്ര കമ്മീഷന്റെ മുന്നിലെത്തുന്ന രണ്ടാം അപ്പീലിൽ 8500 എണ്ണം കെട്ടിക്കിടപ്പാണെന്ന് അദ്ദേഹം പറഞ്ഞു.

നീതി നടത്തുന്നതിൽ വരുത്തുന്ന കാലതാമസമാണ് ശൈലേഷിനെ ക്ഷോഭിപ്പിക്കുന്നത്. "ഈ കാലതാമസംഈ നിയമത്തിന്റെ കഥതന്നെ കഴിക്കും" എന്ന് അദ്ദേഹം പറയുന്നു. കുറച്ചു മാസങ്ങൾക്ക്മുമ്പ് ശൈലേഷ് ഗാന്ധിയും മറ്റൊരു പ്രവർത്തകനുംകൂടി ഇൻഫർമേഷൻ കമ്മീഷണർമാരുടെ പ്രവർത്തനം നിരീക്ഷിക്കാൻ തീരുമാനിച്ചു. മുംബായിലെ കമ്മീഷന്റെ 96 സിറ്റിങ്ങിൽ ഇവർ സ്വയം ഹാജരായി. അവിടെ കണ്ടത് അവരെ നടുക്കിക്കളഞ്ഞു. ശരാശരി എട്ടു മിനിട്ടുകൊണ്ടാണ് ഒരപ്പീൽ കേൾക്കലും വിചാരണ നടത്തലും വിധിപറയലും നടത്തിയിരുന്നത്. 96 കേസുകളിൽ 18 എണ്ണം പ്രത്യേകിച്ചൊരു കാരണവുമില്ലാതെ നീട്ടിവച്ചു. അതിന്നും പുറമെ കമ്മീഷണർമാർ തോന്നുമ്പോഴാണ് വരുന്നത്. ഒരു ദിവസം എട്ടോ പത്തോ കേസ് മാത്രമേ പരിഗണനക്കെടുക്കാറുള്ളൂ. അതായത് ഒരു ദിവസം രണ്ടോ മൂന്നോ മണിക്കൂറേ പണിയെടുക്കൂ എന്നർത്ഥം.

പണിയെടുക്കാനുള്ള ഈ വൈമുഖ്യം ചിന്തനീയമാണ്. ഈ കമ്മീഷണർമാർ കാര്യമത്ര ലഘുവായി കാണുന്നതെന്തുകൊണ്ടാണ്? ഒരു ഹൈക്കോടതി ജഡ്ജി ഒരു ദിവസം കൈകാര്യം ചെയ്യുന്ന കേസുകളുമായി അദ്ദേഹം ഇതിനെ താരതമ്യപ്പെടുത്തുന്നു. ഒരു ശരാശരി ജഡ്ജി കൊല്ലത്തിൽ 2500 കേസ് കൈകാര്യം ചെയ്യുന്നുണ്ട്. വിവരാവകാശ കേസുകളേക്കാൾ എത്രയോ സങ്കീർണ്ണമാണ് കോടതികളിലെ കേസെന്ന് ഓർക്കണം.

മുംബായ് ഐ.ഐ.ടി.യിൽനിന്ന് ബിരുദം നേടിയ ഒരു കെമിക്കൽ എഞ്ചിനീയറാണ് ശൈലേഷ് ഗാന്ധി. 500 ജീവനക്കാരുള്ള നല്ലൊരു കമ്പനി അദ്ദേഹം വിജയകരമായി നടത്തിവരികയായിരുന്നു. അഞ്ചു കൊല്ലംമുമ്പ് അദ്ദേഹം അതു വിറ്റു. അങ്ങനെയിരിക്കുമ്പോഴാണ് മുംബായിൽ വിവരാവകാശ പ്രക്ഷോഭണം തുടങ്ങുന്നത്.

"വിവരാവകാശ നിയമം ഞാൻ ആദ്യമായി ഉപയോഗിച്ചത് പോലീസിലാണ്. പോലീസ് നിയമനത്തിലെ രാഷ്ട്രീയ ഇടപെടലിനെക്കുറിച്ചുള്ളതായിരുന്നു എന്റെ ചോദ്യം. വിവരാവകാശ നിയമത്തിന്റെ വമ്പിച്ച സാധ്യതകൾ ഞാനപ്പോഴാണ് മനസ്സിലാക്കാൻ തുടങ്ങിയത്. നമ്മുടെ ഇന്നത്തെ 'തിരഞ്ഞെടുപ്പു ജനാധിപത്യ'ത്തെ ഇതുകൊണ്ട് 'ജനപങ്കാളിത്ത ജനാധിപത്യ'മാക്കിമാറ്റാൻ കഴിയുമെന്ന് ഞാൻ കണ്ടു" എന്ന് ശൈലേഷ് പറയുന്നു.

പ്രക്ഷോഭണ പ്രവർത്തനം ശൈലേഷിന്ന് ഒരു പുത്തൻ മേഖലയൊന്നുമല്ല. കോളേജിൽ പഠിക്കുന്ന കാലത്ത് ഒരുപാട് പ്രക്ഷോഭണങ്ങളിൽ അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. "മുപ്പത്തഞ്ചു വയസ്സുവരെ ജോലിയെടുക്കാനും അതു കഴിഞ്ഞാൽ സമൂഹത്തിന്നുവേണ്ടി എന്തെങ്കിലുമൊക്കെ ചെയ്യാനും ഞാൻ അന്നുതന്നെ തീരുമാനിച്ചിരുന്നു." എന്നാണ് ശൈലേഷ് പറഞ്ഞത്.

എന്നാൽ ഉദ്ദേശിച്ചതുപോലെയൊന്നുമല്ല കാര്യങ്ങൾ നടന്നത്. ഏതാണ്ട് പത്തുകൊല്ലംമുമ്പ് പഴയൊരു പ്രൊഫസറുമായി സംസാരിച്ചത് ഒരു വഴിത്തിരിവായി. "നിങ്ങൾ കണ്ടതിനെയെല്ലാം വിമർശിക്കുന്നു. എന്നാൽ ഫലപ്രദമായി ഒന്നും ചെയ്യുന്നില്ല എന്നതായിരുന്നു പ്രൊഫസറുടെ കമന്റ്. ഇതൊരു വഴിത്തിരിവായി. എനിക്ക് 50 വയസ്സാകുമ്പോഴേക്കും സ്ഥിതിഗതികൾ കുറെ ➡

# ഘാസിയാബാദ് അഴിമതി: പ്രതിക്കൂട്ടിൽ 33 ജഡ്ജിമാർ

**- ചന്ദ്രാനി ബാനർജി -**

ഘാസിയാബാദ് കോടതിയിലെ പ്രോവിഡന്റ് ഫണ്ട് കുംഭകോണം എന്ന് പറഞ്ഞുണ്ടാക്കാൻതന്നെ ഒരു വായനിറച്ചുവേണം. കാര്യമറിയാത്തവർ ഇത് കേൾക്കുമ്പോൾ, നാട്ടിൽ സാധാരണമായ എന്തോ തിരുമാലിത്തരമാണെന്നേ കരുതൂ. കൊല്ലത്തിൽ 34 കോടി രൂപ എന്നു പറയുമ്പോൾപോലും അതത്ര ഭീമമായൊരു സംഖ്യയാണെന്ന് ആർക്കും തോന്നില്ല. എന്നാൽ ഈയിടെ ഇത് കോളിളക്കമുണ്ടാക്കാൻ തുടങ്ങിയെങ്കിൽ അതിന്റെ കാരണം, ഇതിൽ 33 ജഡ്ജിമാർ ഉൾപ്പെടുന്നുവെന്നതാണ്- സുപ്രീംകോടതിയിൽ ഇപ്പോഴും സേവനമനുഷ്ഠിച്ചുവരുന്ന ഒരു ജഡ്ജി, ഹൈക്കോടതികളിലെ പല ജഡ്ജിമാർ, റിട്ടയർ ചെയ്ത ചില ഹൈക്കോടതി ജഡ്ജിമാർ, കുറെ ജില്ലാ ജഡ്ജിമാർ എന്നിവരെല്ലാം ഇതിൽ പെടും. ജഡ്ജിമാർക്കിടയിലെ അഴിമതി എളുപ്പത്തിലൊന്നും കൈകാര്യം ചെയ്യാനാകാത്ത ഒരു നാട്ടിൽ, അതിനെയെല്ലാം മാറ്റിമറിക്കുന്ന ഒരു നാഴികക്കല്ലുതന്നെയാകാം ഇത്.

അത്യുന്നത പദവികൾ വഹിക്കുന്നവർ ചെയ്തതായി പറയപ്പെടുന്ന വികൃതികൾ സാർവ്വത്രികമായ വിമർശനത്തിന്നു കാരണമായിട്ടുണ്ട്. ഉന്നത ന്യായാസനങ്ങളിലെ അഴിമതിയെ നിരന്തരം വിമർശിച്ചുവരുന്ന ആളായ ഇന്ത്യൻ ചീഫ് ജസ്റ്റീസ് കെ.ജി. ബാലകൃഷ്ണൻ, ഘാസിയാബാദ് പ്രശ്നം സി.ബി.ഐ.ക്കു വിടുന്നതിനെപ്പറ്റി ചിന്തിക്കാൻ യു.പി. ഗവർമ്മേണ്ടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കേസന്വേഷിക്കുന്ന പോലീസ് മേധാവി തനിക്കിത് കൈകാര്യം ചെയ്യുക വിഷമമായിരിക്കുമെന്ന് പോലീസ് ഡയറക്ടർ ജനറലിന് എഴുതിയതിനെത്തുടർന്നാണ്

---

ക്കൂടി വഷളാകുമെന്നുതോന്നി. അതിനാൽ കമ്പനി വിറ്റ് കർമ്മരംഗത്തിറങ്ങാൻ തീരുമാനിച്ചു." എന്ന് ശൈലേഷ് പറഞ്ഞു.

വിവരാവകാശ നിയമം വലിയ സാധ്യതകളാണ് തുറന്നുതരുന്നതെന്നു മനസ്സിലാക്കിയ ശൈലേഷ് ദൽഹിയിലും മുംബായിലുമായി ഇരുപതോളം വിവരാവകാശ ശില്പശാലകൾ നടത്തിവരുന്നു. വിവരാവകാശ നിയമം എങ്ങനെ ഫലപ്രദമായി ഉപയോഗപ്പെടുത്താമെന്ന് ജനങ്ങളെ ഉദ്ബുദ്ധരാക്കുന്നതാണ് ഓരോ ശില്പശാലയും. ക്ഷാമബാധിത പ്രദേശത്ത് ഭക്ഷണം എത്തിക്കുന്നതുപോലെയാണിത്. ഇത്ര കാലമായിട്ടും ജനങ്ങൾക്ക് അധികാരം കൈവന്നിട്ടില്ല. ഒന്നും നേരെയാവില്ല എന്ന ആ മനോഭാവത്തിന്ന് അറുതിവരുത്തുകയാണ് ആദ്യം വേണ്ടത്. അതു മാറ്റിയെടുക്കാൻ കഴിഞ്ഞാൽ ഈ വിവരാവകാശ നിയമംകൊണ്ട് നിങ്ങൾക്ക് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയും.

കഴിഞ്ഞ മൂന്നുവർഷംകൊണ്ട് ആയിരത്തോളം വിവരാവകാശ അപേക്ഷകൾ എഴുതിക്കൊടുത്ത ഒരാളിൽനിന്നാണ് ഈ വാക്കുകൾ പുറത്തുവരുന്നതെന്നതിനാൽ, നിങ്ങൾക്കത് വിശ്വസിക്കാവുന്നതേയുള്ളൂ. ❑

ചീഫ് ജസ്റ്റീസ് ഇതിൽ ഇടപെട്ടത്. പല ജഡ്ജിമാരേയും ചോദ്യം ചെയ്യേണ്ടതുണ്ടെന്നും അതിനൊക്കെ അനുമതി കിട്ടുക വിഷമമാണെന്നും, അതിനാൽ ഈ ചുമതലയിൽനിന്ന് തന്നെ ഒഴിവാക്കണമെന്നും ഡയറക്ടർ ജനറലിനുള്ള കത്തിൽ പോലീസുദ്യോഗസ്ഥൻ ആവശ്യപ്പെട്ടിരുന്നു.

2008 ജൂൺ 23ന്ന് ഡയറക്ടർ ജനറലിന്നയച്ച കത്തിൽ ഇങ്ങനെ പറയുന്നു: "പല ജഡ്ജിമാരും ഈ അഴിമതിയിൽ ഉൾപ്പെട്ടതായി കാണുന്നുണ്ട്. അതിലൊരാൾ ഇപ്പോൾ ഉത്തരഖണ്ഡിലാണ്; ഒരാൾ പശ്ചിമ ബംഗാളിലാണ്. ഒരാൾ സുപ്രീംകോടതി ജഡ്ജിയാണ്. അല്ലാഹബാദ് ഹൈക്കോടതിയിൽ എട്ടുപേരുണ്ട്. ബാക്കിയുള്ളവർ ജില്ലാ ജഡ്ജിമാരാണ്. വിവിധ സംസ്ഥാനങ്ങളിൽ പോയി അന്വേഷണം നടത്താൻ ലോക്കൽ പോലീസിന്ന് ബുദ്ധിമുട്ടുണ്ട്". തുടർന്ന് ഈ കേസ് സി.ബി.ഐ. ക്ക് വിടേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിച്ചുകൊണ്ടാണ് കത്ത് അവസാനിപ്പിച്ചിരിക്കുന്നത്.

ഘാസിയാബാദ് കോടതിയിലെ വിജിലൻസ് ഓഫീസറായ രമാ ജയിനിന്റെ പരിശോധനയിൽ കോടതിയിലെ ക്ലാസ് III ക്ലാസ് IV ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് കണക്കുകളിൽ തകരാർ കണ്ടെത്തിയതിനെത്തുടർന്നാണ് ഈ അഴിമതി പുറത്തുവന്നത്. തന്റെ പരിശോധനയിൽ കണ്ട തകരാറിനെപ്പറ്റി രമ അല്ലാഹബാദ് ഹൈക്കോടതിക്ക് റിപ്പോർട്ട് നൽകി. ഹൈക്കോടതി ആവശ്യപ്പെട്ടതനുസരിച്ച് രമ പോലീസിന്ന് ഒരു പ്രഥമ വിവര റിപ്പോർട്ട് (FIR)നൽകി. പോലീസിന്റെ അന്വേഷണം മന്ദഗതിയിലായിരുന്നു. ജഡ്ജിമാരെ ചോദ്യം ചെയ്യണമെന്നുവന്നപ്പോൾ കേസ് സ്തംഭിച്ചു. ഘാസിയാബാദ് ബാർ അസോസിയേഷന്റെ മുൻ പ്രസിഡണ്ടായ നഹർസിങ് യാദവ് 2008 മാർച്ചിൽ അല്ലാഹബാദ് ഹൈക്കോടതിയിൽ ഇതു സംബന്ധിച്ചൊരു പൊതുതാൽപര്യ ഹർജി സമർപ്പിച്ചു. എന്നാൽ കോടതി നിർദ്ദേശിച്ചിട്ടും പോലീസ് ഒന്നും ചെയ്തില്ല. ഇതിനെത്തുടർന്നാണ് നഹർസിങ് സുപ്രീം കോടതിയെ സമീപിച്ചത്.

ഘാസിയാബാദ് കോടതിയിലെ ഒരു ട്രഷറി ഉദ്യോഗസ്ഥനായ അശുതോഷ് ആസ്ഥാനയാണ് ഈ അഴിമതിയിലെ പ്രധാന കണ്ണി. ഇയാൾ മജിസ്ട്രേറ്റ് മുമ്പാകെ നൽകിയ മൊഴിയിൽ ഇതിൽ ഉൾപ്പെട്ടവരുടെ പേരും മറ്റുവിവരങ്ങളുമെല്ലാം നൽകിയിട്ടുണ്ട്. കോടതി ജീവനക്കാരുടെ പ്രോവിഡണ്ട് ഫണ്ടിൽനിന്ന് അഡ്വാൻസ് ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജി കൃത്രിമമായി തയ്യാറാക്കി സമർപ്പിക്കുക. നിലവിലുള്ള ജില്ലാ ജഡ്ജിമാർ അതിൽ മേലൊപ്പുവച്ചു നൽകും. 2001 മുതൽ നടന്നുവരുന്ന ഏർപ്പാടാണിത്. എത്ര പണം ഇത്തരത്തിൽ പിൻവലിച്ചിട്ടുണ്ടെന്നതിന്ന് കൃത്യമായ കണക്കൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. 33 ജഡ്ജിമാർക്കും മൂന്നു കോടതി ജീവനക്കാർക്കും പണം നൽകിയിട്ടുണ്ടെന്ന് ആസ്ഥാന പറയുന്നു.

കഴിഞ്ഞ സെപ്തംബർ 23ന്ന് സി.ബി.ഐ. ഈ കേസിന്റെ അന്വേഷണം ഏറ്റെടുത്തിട്ടുണ്ട്. ജഡ്ജിമാർക്ക് ഉത്തരവാദിത്വബോധം വേണം എന്നാവശ്യപ്പെട്ടുകൊണ്ട് പ്രക്ഷോഭണം നടത്തിവരുന്ന ശാന്തിഭൂഷണന്ന് ഈ സി.ബി.ഐ. അന്വേഷണത്തിൽ വലിയ വിശ്വാസമൊന്നുമില്ല.

❑

# ഭീകരവിരുദ്ധ നിയമങ്ങൾ ഭീകരന്മാരെ സൃഷ്ടിക്കും

**- എൻ.എൽ. രാജാ -**

ഭീകര പ്രവർത്തനങ്ങളെ നേരിടാൻ കർക്കശമായ നിയമങ്ങളുണ്ടാക്കണമെന്ന മുറവിളിയാണ് സർവ്വത്ര. ഈ കോലാഹലത്തിൽപെട്ട് ജനപ്രതിനിധികളുടെ സമനില തെറ്റുന്നതായി തോന്നുന്നു. ഇത്തരം കർക്കശ നിയമങ്ങൾ ആവശ്യമുണ്ടോ എന്ന കാര്യത്തിൽതന്നെ ഭിന്നാഭിപ്രായമുണ്ട്. ഇതിന്റെയൊന്നും ഒരാവശ്യവുമില്ലെന്ന് മനുഷ്യാവകാശ പ്രവർത്തകർ തറപ്പിച്ചു പറയുന്നു. നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമാണെന്നാണ് പോലീസുകാർ പറയുന്നത്.

പോലീസിന്റെ ഘടനയിൽ മാറ്റം വരുത്താതെ കർശന നിയമങ്ങൾ പാസാക്കിവിട്ടാൽ, വിപരീത ഫലമുണ്ടാക്കുമെന്നു വിവേകികൾ പറയുന്നു. അത്ഭുതമെന്നുപറയട്ടെ, ഇന്ത്യയിൽ ഇന്നു നിലവിലുള്ളത് 1861 ലെ പോലീസ് നിയമമാണ്. കൊളോണിയൽ ഭരണാധികാരികൾക്ക് ജനങ്ങളെ അമർത്തി നിർത്താനായി ഉണ്ടാക്കിയ നിയമമാണിത്. ജനാധിപത്യവും നിയമവാഴ്ചയും നിലവിലുള്ള ഒരു നാട്ടിൽ ഈ പോലീസ് ആക്ടിന് സ്ഥാനമില്ല.

പോലീസിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചശേഷം റിട്ടയർ ചെയ്ത പ്രകാശ് സിങ് ഈ പ്രശ്നം 1996 ൽ ഒരു പൊതുതാൽപര്യ ഹർജിയിലൂടെ സുപ്രീംകോടതിയുടെ മുന്നിൽ കൊണ്ടുവരികയുണ്ടായി. ഇദ്ദേഹം ഉന്നയിച്ച കാര്യങ്ങൾ വളരെ

## അന്വേഷണ വിധേയരായ ജഡ്ജിമാർ

**സുപ്രീംകോടതി**

ജ: തരുൺ ചാറ്റർജി

**ഹൈക്കോടതി**

ജ: പി.കെ. സാമന്ത് (കൽക്കത്ത)
ജ: ജെ.സി.എസ്. റാവത് (ഉത്തരഖണ്ഡ്)
ജ: തരുൺ അഗർവാൾ (അല്ലാഹാബാദ്)
ജ: ബി.എം. സഹായ് (അല്ലാഹാബാദ്)
ജ: സുശീൽ ഹർക്കോലി (അല്ലാഹാബാദ്)
ജ: അഞ്ജനികുമാർ (അല്ലാഹാബാദ്)
ജ: അജയകുമാർ സിങ് (അല്ലാഹാബാദ്)
ജ: ആർ. എൻ. മിശ്ര (അല്ലാഹാബാദ്)
ജ: ഒ.എ. ഖണ്ഡേൽവാൽ (റിട്ട.) (അല്ലാഹാബാദ്)
ജ: സി.എസ്. ത്രിപാഠി (റിട്ട.) (അല്ലാഹാബാദ്)
ജ: ആർ. എസ്. ത്രിപാഠി (റിട്ട.) (അല്ലാഹാബാദ്)
ജ: ആർ. പി. യാദവ് (റിട്ട.) (അല്ലാഹാബാദ്)
ജ: സ്വതന്ത്രസിങ് (റിട്ട.) (അല്ലാഹാബാദ്)

ഇനിയുള്ളവർ കീഴ്കോടതികളിലെ ജഡ്ജിമാരാണ്. ജഡ്ജിമാർക്കും മറ്റും പണമായി നാലുലക്ഷം രൂപയും വേറൊരു നാലുലക്ഷം രൂപയുടെ സാധന സാമഗ്രികളും മാസംതോറും നൽകിവന്നിരുന്നതായാണ് ആസ്ഥാന പറയുന്നത്. അതായത് ഒരു ജഡ്ജിക്ക് ഒരു കൊല്ലം ശരാശരി 96 ലക്ഷം രൂപ 33 ജഡ്ജിമാർക്കും മൂന്ന് കോടതി ഉദ്യോഗസ്ഥന്മാർക്കുംകൂടി ആകെ 34.56 കോടി ക. യുടെ അഴിമതി നടന്നിട്ടുണ്ടെന്ന് ആസ്ഥാന പറയുന്നു. *(ഔട്ട് ലുക്ക്)*

പ്രസക്തമാണെന്ന് സുപ്രീംകോടതി 2006 ലെ വിധിയിൽ പറഞ്ഞു. പോലീസിന്റെ പ്രതിബദ്ധതയും കൂറും ഉത്തരവാദിത്വവും നിയമവാഴ്ചയോട് മാത്രമായിരിക്കണം. പോലീസിന്റെ മേലുള്ള നിയന്ത്രണവും മേൽനോട്ടവും പോലീസിനെക്കൊണ്ട് മുഖം നോക്കാതെ ജോലിചെയ്യിക്കുന്ന വിധത്തിലാകണം. പോലീസിന്റെ സമീപനം സേവനോന്മുഖമാകണം, അതിന്റെ പങ്ക് സുനിശ്ചിതമാകണം; ആരെങ്കിലും തെറ്റുചെയ്തതായി കണ്ടാൽ കാലതാമസം കൂടാതെ നടപടിയെടുക്കണം.

പോലീസിനെപ്പറ്റി പഠിച്ച വിവിധ കമ്മിറ്റികളുടെ അഭിപ്രായങ്ങളിൽ വളരെ യോജിപ്പുകാണുന്നുണ്ടെന്ന് സുപ്രീംകോടതി ചൂണ്ടിക്കാട്ടി. നാഷനൽ പോലീസ് കമ്മീഷൻ, നിയമകമ്മീഷൻ, റിബേറോ കമ്മീഷൻ, പത്മനാഭയ്യ കമ്മിറ്റി, സോളി സോറാബിജി കമ്മിറ്റി മാലീമത് കമ്മിറ്റി എന്നിവയെല്ലാം പോലീസ് പരിഷ്ക്കരണത്തെപ്പറ്റി പഠിക്കാൻ നിയമിതമായവയാണ്. ഇവയെല്ലാംതന്നെ (1). സംസ്ഥാന തലത്തിൽ ഒരു സെക്യൂരിറ്റി കമ്മീഷൻ വേണമെന്നും (2). പോലീസ് തലവനെ നിശ്ചയിക്കുന്നതിന് സുതാര്യമായ ഒരു നടപടിക്രമം വേണമെന്നും (3). ക്രമസമാധാന പാലനത്തിന്റെ ചുമതലയും കേസന്വേഷണങ്ങളുടെ ചുമതലയും വെവ്വേറെ വിഭാഗങ്ങളെ ഏൽപ്പിക്കണമെന്നും (4) പുതിയൊരു പോലീസ് നിയമം പാസാക്കണമെന്നും ഈ കമ്മീഷനുകളെല്ലാം ചൂണ്ടിക്കാട്ടിയിട്ടുണ്ടെന്ന് കോടതി ഓർമ്മിപ്പിച്ചു. ഇതനുസരിച്ച് ഓരോ സംസ്ഥാനവും യുക്തമായ നിയമനിർമ്മാണം നടത്തി വിവിധ കമ്മീഷനുകളുടെ നിർദ്ദേശങ്ങളെ പ്രാവർത്തികമാക്കണമെന്ന് കോടതി നിർദ്ദേശിച്ചു.

കേന്ദ്രഗവർമ്മേണ്ട് മാതൃകാപരമായൊരു പോലീസ് നിയമത്തിന്റെ കരടു തയ്യാറാക്കി സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ സുപ്രീംകോടതിയുടെ കല്പനക്കനുസരിച്ച് പുതിയ നിയമനിർമ്മാണം നടത്തിയ അപൂർവ്വം ചില സംസ്ഥാനങ്ങൾ പോലും ഈ മാതൃകാ നിയമത്തിൽനിന്നെല്ലാം ബഹുദൂരം വ്യതിചലിക്കുന്ന നിയമങ്ങളാണ് പാസാക്കിയിരിക്കുന്നത്. ഇതൊട്ടുംതന്നെ ശുഭോദർക്കമല്ല. സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരമുള്ളൊരു നിയമ നിർമ്മാണം നടത്തുന്നതാണ് ഭീകരവിരുദ്ധ നിയമങ്ങളെ ദുരുപയോഗപ്പെടുത്താതിരിക്കാനുള്ള നല്ല മാർഗ്ഗം.

ഭീകര വിരുദ്ധ നിയമങ്ങൾ ദുരുപയോഗപ്പെടുത്തുമ്പോൾ ആശിച്ചതിന്നെതിരായ ഫലമാണുണ്ടാകുക എന്നതാണ് അനുഭവം. നിയമം അന്യായമായി ഉപയോഗപ്പെടുത്തുന്നു എന്ന ധാരണയുണ്ടാകുമ്പോൾ ന്യൂനപക്ഷക്കാരിലെ ചെറുപ്പക്കാരെന്നല്ല ദുർബ്ബല വിഭാഗങ്ങളിൽപെട്ടവരും മതമൗലികവാദത്തിലേക്കും നക്ഷലിസത്തിലേക്കുമെല്ലാം വഴുതിപ്പോകാറുണ്ട്. തങ്ങൾ അനീതിക്കിരയാക്കപ്പെടുന്നുവെന്ന ധാരണ മിക്കപ്പോഴും യഥാർത്ഥമാകാറുണ്ട്. ഭീകരവൃത്തിയുമായി ബന്ധപ്പെട്ട കേസുകളിലെ പ്രതികൾക്കുവേണ്ടി ഹാജരാകില്ലെന്ന യു.പി. ബാർകൗൺസിലിന്റെ തീരുമാനം ഇത്തരത്തിൽപെട്ട ഒരന്യായമാണ്.

കർക്കശമായ ഭീകരവിരുദ്ധ നിയമം വേണമെന്നു വാദിക്കുന്നവർ അതിന്റെ ഭവിഷ്യത്തിനെക്കുറിച്ച് ചിന്തിക്കുന്നില്ല. ഇത്തരം നിയമങ്ങൾ ന്യൂനപക്ഷങ്ങളേയോ ദുർബ്ബല വിഭാഗങ്ങളേയോ ദ്രോഹിക്കാനായി ഉപയോഗപ്പെടുത്തിയാൽ എന്താണുണ്ടാവുക? അവർ മതമൗലികവാദികളുടെ പക്ഷത്തുചേരും. ഇന്ത്യയെപ്പോലുള്ള ഒരു മഹാരാജ്യത്ത് ഒട്ടേറെ വ്യത്യസ്ത സമൂഹങ്ങളുണ്ട്. ഇവയിൽ ഓരോന്നിനും ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ സർക്കാരിനോട് വെറുപ്പുതോന്നിയിട്ടുണ്ടാവും.

ഭീകര വിരുദ്ധ നിയമങ്ങൾക്ക് പരമാവധി ചെയ്യാവുന്നത് രോഗലക്ഷണത്തിന്ന് ചികിത്സ നടത്താമെന്നാണ്; രോഗം മാറാൻ വേറെ ചികിത്സ വേണ്ടിവരും എന്ന് കോമൺവെൽത്ത് മനുഷ്യാവകാശ സംഘടന പറഞ്ഞതാണ് ശരി. ഭീകരപ്രവർത്തനങ്ങൾ ഒഴിവാക്കാനുള്ള ഒരേഒരു മാർഗ്ഗം നിയമവാഴ്ചക്ക് ഉറപ്പുവരുത്തുകയും പൗരസ്വാതന്ത്ര്യങ്ങൾ അനുവദിക്കുകയും നീതി സുഗമമാക്കുകയും ഭരണത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കുകയും നിയമപാലനത്തിൽ സുതാര്യതയും ഉത്തരവാദിത്വബോധവും ഉളവാക്കുകയുമാണ്. ❑

# ജാതികോമരങ്ങളെ സഹായിക്കാൻ അധികൃതരും

**- എസ്. വിശ്വനാഥൻ -**

തമിഴ്നാട്ടിലെ മധുരാ ജില്ലയിലെ ഉത്താപുരത്ത് ദളിതർക്കെതിരായി സവർണർ പടുത്തുയർത്തിയ മതിൽ കെട്ട് ആറുമാസം മുമ്പ് നിയമസഭയിൽ ഒച്ചപ്പാടിന്നിടയാക്കുകയുണ്ടായി. വ്യാപകമായ പ്രതിഷേധത്തെത്തുടർന്ന് ഗവർമ്മേണ്ട് ഇടപെടുകയും മതിലിന്റെ ഒരുഭാഗം പൊളിച്ചുമാറ്റുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ ദളിതരുടെ സ്ഥിതി കൂടുതൽ ദയനീയമായിരിക്കുകയാണ്. സവർണ്ണരിൽനിന്നല്ല അധികാരികളിൽനിന്നാണ് അവർക്കിപ്പോൾ അസഹനീയമായ ദ്രോഹം സഹിക്കേണ്ടിവരുന്നത്.

അയിത്താചരണത്തിന്നെതിരായും ഹരിജനോദ്ധാരണത്തിന്നുവേണ്ടിയും ആയുഷ്കാലം മുഴുവൻ പ്രയത്നിച്ച ഗാന്ധിജിയുടെ 139-ാം ജന്മദിന വാർഷികത്തിന്റെ തലേന്നാൾ - 2008 ഒക്ടോബർ ഒന്നാം തിയ്യതി - പോലീസ് ഉത്താപുരത്തെ ഹരിജൻ കോളനിയുടെ നേരെ ഒരാക്രമണം നടത്തുകയും എഴുപതിൽപരം വീടുകൾ തല്ലിതകർക്കുകയും ചെയ്തു. ഈ പോലീസ് നടപടിയിൽ 15 സ്ത്രീകൾക്ക് പരിക്കേറ്റിട്ടുണ്ട്. ചിലരുടെ പരിക്ക് ഗുരുതരമാണ്.

കുറച്ചു ദിവസം മുമ്പ് ദളിതരും സവർണ്ണരും തമ്മിൽ ഒരു വഴക്കുണ്ടായി. സ്വാഭാവികമായും പോലീസ് സവർണ്ണരുടെ ഭാഗത്തു ചേർന്നു. വഴക്കുമൂത്തപ്പോൾ പരസ്പരം കല്ലേറു നടന്നു. മറ്റു പലർക്കുമെന്നപോലെ ചില പോലീസുകാർക്കും പരിക്കേറ്റു. പോലീസ് അതിന്ന് ദളിതർക്കെതിരെ ഒരു കേസ് രജിസ്റ്റർ ചെയ്തു. പ്രതി



ഉത്താപുരത്ത് സ്ത്രീകൾ
മൃതദേഹവുമേന്തി ശ്മശാനത്തിലേക്ക്

കളെ പിടികൂടാനെന്നു പറഞ്ഞായിരുന്നു. പോലീസിന്റെ ആക്രമണം. ദളിത കുടുംബങ്ങളിലെ പുരുഷന്മാരെല്ലാം പോലീസ് നടപടി പ്രതീക്ഷിച്ച് ഒളിവിൽ കഴിയുകയാണ്.

പോലീസിന്റെ വേട്ട ദളിതരെയാകെ തകർത്തിരിക്കുകയാണെന്ന് തമിഴ്നാട് അയിത്താചരണ വിരുദ്ധ മുന്നണിയുടെ കൺവീനറായ പി. സമ്പത്ത് പറയുന്നു. ഒക്ടോബർ 13ന്ന് സമ്പത്ത് ഉത്താപുരം സന്ദർശിക്കുകയുണ്ടായി. "അയിത്തമതിൽ" പൊളിച്ചു കളയണമെന്ന ആവശ്യത്തോട് പോലീസ് അധികൃതരും റവന്യു അധികൃതരും ആദ്യം മുതൽക്കേ വൈമുഖ്യമാണ് കാണിച്ചു വന്നിരുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഒക്ടോബർ ഒന്നാം തിയ്യതിയിലെ പോലീസ് അതിക്രമങ്ങളുടെ വിവരം പോലീസ് രണ്ടാഴ്ചക്കാലം പൂഴ്ത്തിവ

ച്ചു. ഉത്താപുരത്തേക്ക് ഒരാൾക്കും അവർ പ്രവേശനം അനുവദിക്കാറില്ല. അവിടെയുള്ള ഒരു അമ്പലത്തിലെ ഉത്സവത്തിന്റെ പേരും പറഞ്ഞ് പുറമെനിന്നുള്ളവരെയെല്ലാം അകറ്റി നിർത്തുകയായിരുന്നു. അവസാനം വിവരം ചോർന്നു കിട്ടിയപ്പോൾ മധുര എം.പി.യും മാർക്സിസ്റ്റ് നേതാവുമായ പി. മോഹനനേയും കൂട്ടിയാണ് സമ്പത്ത് ഉത്താപുരത്ത് എത്തിയത്. പോലീസ് അധികൃതരും റവന്യൂ അധികൃതരും ഉത്താപുരം സന്ദർശിക്കുന്നതിൽനിന്നും തങ്ങളെ പിൻതിരിപ്പിക്കാൻ ശ്രമിച്ചതായി സമ്പത്ത് പറഞ്ഞു.

ഉത്താപുരത്തേക്ക് ആരേയും കടത്തിവിടാറില്ലെന്ന കാര്യം തമിഴ്നാട് മനുഷ്യാവകാശ പ്രസ്ഥാന കോ ഓർഡിനേറ്ററായ സി.ജെ. രാജനും പറയുന്നുണ്ട്. മനുഷ്യാവകാശ വനിതാ പ്രവർത്തകർ സാധാരണയായി ദളിത് കോളനികൾ സന്ദർശിക്കാറുണ്ട്. പക്ഷെ ഉത്താപുരത്തേക്ക് പോകാൻ നിയന്ത്രണമേർപ്പെടുത്തിയിരുന്നതായി രാജൻ പറഞ്ഞു. അതിനാൽ ഒക്ടോബർ ഒന്നിന് നടന്ന കാര്യങ്ങൾ സംബന്ധിച്ച് ആധികാരികമായ ഒരു വിവരവും ലഭിച്ചിരുന്നില്ല.

അധികൃതർ ഇടപെട്ട് "അയിത്തമതിലി"ന്റെ ഒരു ഭാഗം പൊളിച്ചുവെങ്കിലും ദളിതർ അത് ഉപയോഗപ്പെടുത്താതിരിക്കാൻ സവർണർ ശ്രമിച്ചിരുന്നതായി രാജൻ വെളിപ്പെടുത്തി. മതിൽ പൊളിച്ചപ്പോൾ സവർണർ നാടുവിടുകയും ഒരു കുന്നിനു പുറത്ത് താമസിക്കുകയും ചെയ്തു. റവന്യൂ അധികൃതർ നടത്തിയ ഒത്തുതീർപ്പ് ശ്രമത്തിന്റെ ഫലമായാണ് അവർ തിരിച്ചുവന്നത്. പുതിയ വഴിയിലൂടെ ദളിതർ സൈക്കിളിൽ യാത്ര ചെയ്യരുതെന്നു മറ്റും സവർണർ വ്യവസ്ഥ ചെയ്തിരുന്നു. അധികൃതർ അതെല്ലാം സമ്മതിച്ചുവെന്നു തോന്നുന്നു. ഇത് ദളിതരെ ക്ഷോഭിപ്പിച്ചു വഴക്കുകൾക്കും സംഘട്ടനത്തിന്നും കാരണമായത് ഇതൊക്കെയാണ്.

ഒക്ടോബർ ഒന്നാം തിയ്യതി സവർണർ അവരുടെ ക്ഷേത്രത്തിന്നടുത്തുള്ള ഒരു മതിൽ ചായം പൂശാൻ തുടങ്ങി. ദളിതർ അതിനെ എതിർത്തു. മതിൽ ഗ്രാമത്തിന്റെ പൊതു സ്വത്താണെന്ന് അവർ വാദിച്ചു. ഇതാണ് വഴക്കിന്നും വക്കാണത്തിന്നും തുടക്കം കുറിച്ചത്. പോലീസ് വന്ന് കല്ലെറിഞ്ഞവരെ പിടിക്കാൻ ഗ്രാമത്തിൽ തിരച്ചിൽ നടത്തി. അവർക്ക് ആരേയും പിടികൂടാൻ കഴിഞ്ഞില്ല. ആ അരിശത്തിന്ന് അവർ 60 സ്ത്രീകളെ പിടികൂടി 25 കിലോമീറ്റർ ദൂരെയുള്ള ഉസിലംപട്ടി സ്റ്റേഷനിലേക്ക് കൊണ്ടുപോയി. വനിതാ സംഘടനകൾ ഈ തടങ്ങലിന്റെ സാധുതയെ ചോദ്യം ചെയ്തപ്പോൾ അവരെയെല്ലാം തിരികെ ഉത്താപുത്തേക്കുതന്നെ കൊണ്ടുവന്നു.

ചിത്ര എന്ന ദളിത സ്ത്രീയുടെ മരണവിവരം പത്രങ്ങൾ റിപ്പോർട്ട് ചെയ്തപ്പോഴാണ് സ്ഥിതിഗതികളുടെ ഗൗരവാവസ്ഥ പുറത്തുവന്നത്. ചിത്രയുടെ അഛനോ സഹോദരന്മാരോ ഗ്രാമത്തിലില്ലാത്തതിനാൽ സ്ത്രീകൾതന്നെ മൃതദേഹം ശവപ്പറമ്പിലെത്തിച്ച് സംസ്കരിച്ചുവെന്ന വാർയാണ് ഉത്താപുരത്തെ സ്ഥിതിഗതികളെ പുറത്തുകൊണ്ടുവന്നത്. ചിത്രയുടെ അഛനും സഹോദരന്മാരും ഒളിവിലാണെന്നുമാത്രമല്ല മറ്റു ബന്ധുക്കൾ ഉത്താപുരത്ത് കടക്കുന്നത് പോലീസ് തടയുകയും ചെയ്തു.

പോലീസ് അതിക്രമത്തിൽ പരിക്കേറ്റവരിൽ സ്ത്രീകളും കുട്ടികളുമുണ്ടെന്നല്ല ആരേയും അസ്പത്രിയിൽ പ്രവേശിപ്പിച്ചിട്ടുമില്ല; അതുമല്ല അവർക്ക് ഒരു വിധ ചികിത്സാ സൗകര്യവും ഏർപ്പെടുത്തിയിട്ടുമില്ല. ഒടുവിൽ മോഹനൻ ഫോൺ ചെയ്തപ്പോഴേ ഡി.എം.ഒ. അനങ്ങിയുള്ളൂ. ❑

# പോലീസുകാർക്കെതിരെ 27 കൊല്ലം നീണ്ട പോരാട്ടം

**- ശ്രവൺ ശുക്ല -**

യു.പി. യിലെ സീനാപ്പൂർ ജില്ലയിൽ മൂന്നു ചെറുപ്പക്കാർ കൊല്ലപ്പെട്ടത് 1981 ലാണ്. ആ ഘാതകർക്ക ശിക്ഷവാങ്ങിക്കൊടുക്കാർ കൊല്ലം 27 വേണ്ടിവന്നു. കാരണം ഘാതകന്മാർ പോലീസുകാരായിരുന്നു. കൊല്ലപ്പെട്ട ചെറുപ്പക്കാരിൽ ഒരാളുടെ അഛനായ ജയദയാൽ ശ്രീവാസ്തവക്ക് അതിൽ ഖേദമില്ല. കൊലപാതകികൾക്ക് ശിക്ഷ വാങ്ങിക്കൊടുക്കാൻ കഴിയുമെന്ന് അദ്ദേഹത്തിന്ന് ഉറപ്പുണ്ടായിരുന്നു. വയസ്സ് 80 ആയെങ്കിലും പണം ഒട്ടേറെ ചെലവാക്കേണ്ടി വന്നുവെങ്കിലും അദ്ദേഹത്തിന്നതിൽ ഖേദമില്ല. പ്രതികളായ 20 പോലീസുകാരിൽ 14 പേർക്കും ജീവപര്യന്തം കഠിന തടവ് വാങ്ങിക്കൊടുക്കാൻ അദ്ദേഹത്തിന്നു കഴിഞ്ഞു.

സർസി ഏറ്റുമുട്ടൽ എന്ന പേരിൽ അറിയപ്പെടുന്ന ഈ സംഭവമുണ്ടായത് 1981 ഫെബ്രുവരി 10ന്നാണ്. ഹരിഹരപുരം ഗ്രാമക്കാരനായ ജയദയാലിന് നാലു പുത്രന്മാരും രണ്ടു പുത്രിമാരുമാണുണ്ടായിരുന്നത്. മൂന്നാമത്തെ മകൻ ഗിരീശ് ചന്ദ്ര (18) ഇന്ററിന് പഠിക്കുകയായിരുന്നു. ജയദയാലിന്റെ മൂന്നാമത്തെ മകനായ ഗിരീഷ് ചന്ദ്രയായിരുന്നു പഠിക്കാൻ ഏറ്റവും മിടുക്കൻ.

അനുജൻ നരേശിനെ ബസ്സ് സ്റ്റാൻഡിലെത്തിച്ചശേഷം വീട്ടിലേക്ക് മടങ്ങുമ്പോഴാണ് ഗിരീശ് ചന്ദ്ര പഴയ സഹപാഠിയായ രാമേശ്വറിനെ കണ്ടെത്തിയത്. ധന്യ എന്ന പേരുള്ള ഒരു പെൺകുട്ടിയും രാമേശ്വറിനോടൊപ്പമുണ്ടായിരുന്നു. അവർ പരസ്പരം അഭിനന്ദിക്കുന്നതിന്നുമുമ്പ് ഒരു പോലീസ് ജീപ്പ് അവരുടെ അടുത്തുവന്നു നിന്നു. പോലീസിനെകണ്ട് രാമേശ്വർ ഓടി രക്ഷപ്പെട്ടു. ചില ക്രിമിനൽ കേസിൽ പ്രതിയാണയാൾ. അയാൾ പോലീസിന്ന് പിടികൊടുക്കാതെ ഒഴിഞ്ഞുമാറി നടക്കുകയായിരുന്നു. പോലീസാകട്ടെ ഗിരീശിനേയും ധന്യയേയും പിടികൂടി ജീപ്പിലിട്ടു.

കുറച്ചു ദിവസത്തിന്നകം രാമേശ്വറും പിടിയിലായി. തങ്ങളാണ് അയാളെ പിടിച്ചുകൊടുത്തതെന്ന് നാട്ടുകാർ പറയുന്നുണ്ടെങ്കിലും, പോലീസ് പറയുന്നത് അവർ വേട്ടയാടിപ്പിടിച്ചുവെന്നാണ്. പോലീസ് ഒരു ദിവസം രാമേശ്വറിനേയും ഗിരീശിനേയും ധന്യയേയും കൊണ്ട് സർസി ഗ്രാമത്തിലെത്തി. അവരെ അവിടെ ഒരാ



ജയദയാൽ

ലിന്മേൽ കെട്ടിയിട്ടശേഷം മൂന്നുപേരേയും വെടിവച്ചുകൊന്നു. ഇൻസ്പെക്ടർ വ്രജഗോപാൽ വർമ്മക്കുപുറമെ മൂന്നു സബ്ബിൻസ്പെക്ടർമാരും ഒരു ഹെഡ് കോൺസ്റ്റബിളും ചില പോലീസുകാരുമാണ് സംഘത്തിലുണ്ടായിരുന്നത്. ഏറ്റുമുട്ടലിൽ മൂന്നു കൊള്ളക്കാർ വധിക്കപ്പെട്ടുവെന്നായിരുന്നു പോലീസിന്റെ അവകാശവാദം. പിറ്റേ ദിവസത്തെ പത്രങ്ങൾ പോലീസിന്റെ "പരാക്രമ"ങ്ങൾ വിസ്തരിച്ചെഴുതി. കൊള്ളക്കാരെ കൊന്ന പോലീസുകാർക്ക് ഗവർമ്മേണ്ട് അവാർഡും പ്രഖ്യാപിച്ചു.

ഗിരീശിന്റെ മരണം ജയദയാലിനെ സ്തബ്ധനാക്കിക്കളഞ്ഞു. ഹരിഹരപുരിയിലേയും അടുത്തുള്ള ഗ്രാമങ്ങളിലേയും ജനങ്ങൾക്കിത് അവിശ്വസനീയമാ

യിരുന്നു. ഒരാളേയും ഉപദ്രവിക്കാത്ത ഒരു ചെറുപ്പക്കാരൻ എങ്ങനെ കൊള്ളക്കാരനാകും?

മകൻ കൊല്ലപ്പെട്ട വിവരം ജയദയാൽ അടുത്ത ദിവസമേ അറിഞ്ഞുള്ളൂ. മൃതദേഹം ഏറ്റെടുക്കാനായി അദ്ദേഹം ആസ്പത്രിയിലേക്ക് ഓടി. ഇൻസ്പെക്ടർ വർമ്മയുടെ തെറിയഭിഷേകമാണ് അദ്ദേഹത്തിന്നവിടെ ലഭിച്ചത്. ഒട്ടേറെ പേർ ഇടപെട്ടിട്ടും മൃതദേഹം വിട്ടുകിട്ടിയില്ല. അവസാനം ജില്ലാമജിസ്ട്രേട്ട് നിർദ്ദേശിച്ചപ്പോഴേ മൃതദേഹം വിട്ടുകിട്ടിയുള്ളൂ.

ജയദയാൽ മകന്റെ മൃതദേഹവുംകൊണ്ട് പുറത്തുകടന്നപ്പോൾ പോലീസുകാർ അയാളെ ഭീഷണിപ്പെടുത്തി. മകന്റെ മരണത്തെപ്പറ്റി പരാതിവല്ലതും സമർപ്പിച്ചാൽ തന്റെ മറ്റു മക്കളേയും കൊന്നുകളയുമെന്നായിരുന്നു ഭീഷണി. ഈ അതിക്രമത്തിന്ന് പകരംവീട്ടാൻ മാർഗ്ഗമുള്ളേടത്തോളം കാലം താൻ തന്റെ മറ്റുമക്കളെക്കുറിച്ച് വേവലാതിപ്പെടില്ലെന്ന് പോലീസുകാരുടെ മുഖത്തുനോക്കി പറഞ്ഞിട്ടാണ് ജയദയാൽ സ്റ്റേഷനിൽനിന്ന് പോന്നത്. തന്റെ മകന്റെ നിർദ്ദോഷിത്വം തെളിയിച്ചേ അടങ്ങൂ എന്ന് അദ്ദേഹം ശപഥം ചെയ്തത് അപ്പോഴാണ്.

പക്ഷെ പോലീസുമായുള്ള പോരാട്ടം എളുപ്പമൊന്നുമായിരുന്നില്ല. ഇരുപതു പോലീസുകാർക്കെതിരെ പ്രഥമവിവര റിപ്പോർട്ട് (FIR) സമർപ്പിക്കുന്നത്തന്നെ ഏറെക്കുറെ അസാധ്യമായിതോന്നി. തനിക്കുണ്ടായ ദുരന്തത്തിന്റെ കഥ അദ്ദേഹം രാഷ്ട്രീയ നേതാക്കളോടുപറഞ്ഞു; ദീനദയാലുക്കളായ ഉദ്യാഗന്മാരോട് പറഞ്ഞു. ഒടുവിൽ ഈ പരാതിയെപ്പറ്റി ഒരു മജിസ്റ്റീരിയൽ അന്വേഷണത്തിന്നു കല്പനയായി. പക്ഷെ ഫലമുണ്ടായില്ല. മജിസ്ട്രേട്ട് പോലീസുകാർക്കനുകൂലമായ ഒരു റിപ്പോർട്ടാണ് സമർപ്പിച്ചത്. എന്നിട്ടും ജയദയാൽ പിന്മാറിയില്ല. അദ്ദേഹം രാഷ്ട്രപതിക്ക് ഹർജി സമർപ്പിച്ചു. പ്രധാനമന്ത്രിക്ക് എഴുതി. യു.പി. യിലെ ആഭ്യന്തരകാര്യമന്ത്രിക്ക് എഴുതി. ആഭ്യന്തരകാര്യമന്ത്രി നൗനിഹാൽസിങ് ഒരു സി.ഐ.ഡി. അന്വേഷണത്തിന്ന് കല്പന നൽകി. അങ്ങനെ അവസാനം 20 പോലീസുകാർക്കും അവരുടെ 20 കള്ളസാക്ഷികൾക്കുമെതിരെ ഒരു കേസ് രജിസ്റ്റർ ചെയ്തു.

താലൂക്കാപീസിലെ ഒരു ജീവനക്കാരനായിരുന്ന ജയദയാൽ 1989ൽ റിട്ടയർ ചെയ്തു. റിട്ടയർ ചെയതപ്പോൾ കിട്ടിയ ആനുകൂല്യങ്ങളും ജീവിതകാലത്തെ സമ്പാദ്യങ്ങളുമെല്ലാം ഈ കേസിന്റെ നടത്തിപ്പിന്നായി അദ്ദേഹം ചെലവാക്കി. "മകൻ മരിച്ച ദു:ഖമോ ധനനഷ്ടമോ അല്ല ഇത്രയും കാലം പോരാടാൻ എന്നെ പ്രേരിപ്പിച്ചത്. മനുഷ്യനെ പച്ചക്ക് കൊന്ന യമകിങ്കരൻമാർ നാട്ടിൽ സ്വൈരവിഹാരം നടത്തുന്നതിലുള്ള ദ്വേഷ്യമാണ് എന്നെ മുന്നോട്ട് നയിച്ചത്. എല്ലാത്തരം ഭീഷണികളും ഞങ്ങൾക്കെതിരെ അവർ പ്രയോഗിച്ചു. കേസ് പിൻവലിച്ചാൽ ലക്ഷങ്ങൾ നൽകാമെന്നു പറഞ്ഞു. പക്ഷെ എന്തൊക്കെയായാലും അവസാനം നീതിലഭിക്കുമെന്ന ആശയിൽ ഞാൻ പിടിച്ചുനിന്നു. പോലീസിന്നെതിരായി സാക്ഷിപറയാൻ ഒരാളും തയ്യാറായില്ല. ഞങ്ങളുടെ ആരോപണം തെളിയിക്കാൻ മതിയായ ഒരു തെളിവും ഞങ്ങളുടെ പക്കലില്ലായിരുന്നു" എന്ന് ജയദയാൽ പറഞ്ഞു.

ഇരുന്നൂറിൽപരം ദിവസങ്ങളിൽ കേസ് വിചാരണക്കെടുത്തു. ഇതിന്നിടയിൽ ഒരു ഡസൻ ജഡ്ജിമാർ വരികയും പോകുകയും ചെയ്തു. അവസാനം 2005 ൽ ഈ കേസ് സീതാപ്പൂർ ഫാസ്റ്റ്ട്രാക്ക് കോടതിയിലേക്ക് മാറ്റി. അതോടെ പോലീസ് ഹാജരാക്കിയിരുന്ന സാക്ഷിമാർ കാലുമാറി. തോക്ക് സംബന്ധിച്ച ബാലസ്റ്റിക് റിപ്പോർട്ടാണ് നിർണായകമായത്. ഗിരീശും മറ്റും ഭീകരന്മാരാണെന്ന് തെളിയിക്കുന്നതിന്നായി പോലീസ് ഹാജരാക്കിയ കാലികാർടിജൊന്നും ഇവരുപയോഗിച്ചതായി പോലീസ് പറയുന്ന തോക്കിൽ ഉപയോഗിക്കുന്നതല്ലെന്ന് റിപ്പോർട്ടിൽ പറഞ്ഞിരുന്നു. മെഡിക്കൽ റിപ്പോർട്ടും പോലീസിന്ന് ➡

കവർസ്റ്റോറി

# ഇന്ത്യൻ മാധ്യമങ്ങളുടെ നാണക്കേടിന്റെ ദിനം

- സദാനന്ദ മേനോൻ -



സെപ്തംബർ 22ന് ഇന്ത്യയിലെ പ്രധാന പത്രങ്ങളിലെല്ലാം വന്ന ചിത്രം

**2**008 സെപ്തംബർ 22 ഇന്ത്യൻ മാധ്യമ ചരിത്രത്തിലെ ഒരസാധാരണ ദിനമായിരുന്നു. ഞാനതിനെ നാണക്കേടിന്റെ ദിനം എന്നുവിളിക്കാനാണിഷ്ടപ്പെടുക. കാരണം അന്നു നമ്മുടെ പത്രങ്ങൾ ഗതാനുഗരിത്വം പ്രകടിപ്പിച്ചു. തങ്ങൾ പ്രസിദ്ധീകരിക്കുന്ന ചിത്രങ്ങളുടെ ശരിയേയും തെറ്റിനേയും പറ്റി ഒന്നാലോചിക്കുക പോലും ചെയ്യാത്ത മനോഭാവം അവ

---

എതിരായി. കൊല്ലപ്പെട്ടവരുടെ ശരീരത്തിലുള്ള മുറിവുകൾ തൊട്ടടുത്തു നിന്നു വെടിവച്ചതുമൂലമുണ്ടായതാണെന്ന് മെഡിക്കൽ റിപ്പോർട്ടിൽ പറഞ്ഞിരുന്നു. അറസ്റ്റ് ചെയ്യുന്ന സമയത്ത് ധന്യ സാരിയാണുടുത്തിരുന്നത് എന്നതിന്ന് സാക്ഷികളുണ്ട്. എന്നാൽ മൃതദേഹം വളരെ മുതിർന്ന ആളുകൾ ഉപയോഗിക്കുന്നതരം പാൻസിലും ഷർട്ടിലുമായിരുന്നുവെന്നും മെഡിക്കൽ റിപ്പോർട്ടിൽ പറയുന്നു.

കാൽ നൂറ്റാണ്ടിലേറെ നീണ്ടുനിന്ന ഒരു കേസിൽ കഴിഞ്ഞ ആഗസ്തിൽ വിധിപറയുന്നതു കേൾക്കാൻ ജയദയാലിന് കഴിഞ്ഞില്ല. പ്രായാധിക്യംമൂലം ഇതരമകനായ നരേശിനെയാണ് അദ്ദേഹം പകരം നിയോഗിച്ചത്. ഇത് ഒന്നാം റൗണ്ടിലെ വിജയമാണ്. പോലീസുകാർ ഹൈക്കോടതിയിൽ അപ്പീൽ നൽകുമെന്ന് തീർച്ച. ജയദയാൽ അതിനെ നേരിടാനുള്ള ഒരുക്കത്തിലാണിപ്പോൾ.

ഗിരീശിന്റെ മരണത്തിന്ന് നഷ്ടപരിഹാരം തേടി ഗവർമ്മേണ്ടിനേയും കേന്ദ്ര മനുഷ്യാവകാശകമ്മീഷനേയും സമീപിക്കാനും ജയദയാൽ പ്ലാനിട്ടിട്ടുണ്ട്.

27 കൊല്ലംമുമ്പ് സർസിഗ്രാമത്തിൽ നടന്നത് ഒരു ഒറ്റപ്പെട്ട സംഭവമല്ല. ഇന്നും ഇതൊക്കെതന്നെ സംഭവിച്ചുകൊണ്ടിരിക്കുന്നു. പക്ഷെ പോലീസിന്നെതിരെ പോരാടാൻ അധികമാരും ധൈര്യപ്പെടുകയില്ല. ❏

രന്ന് പ്രകടമാക്കി.

മുഖ്യധാരയിൽപെട്ട എട്ട് ഇംഗ്ലീഷ് പത്രങ്ങളെങ്കിലും ഇതിൽപെടുന്നു. ടൈംസ് ഓഫ് ഇന്ത്യ, ഇന്ത്യൻ എക്സ്പ്രസ്സ്, ഹിന്ദു, ഹിന്ദുസ്ഥാൻ ടൈംസ്, ഡെക്കാൻ ക്രോണിക്കിൾ തുടങ്ങിയ മുൻനിര പത്രങ്ങളെല്ലാം ഇതിൽപെടും. കാശ്മീർ മുതൽ കന്യാകുമാരിവരെയും രാജസ്ഥാൻ മുതൽ നാഗാലാന്റ് വരെയുമുള്ള നൂറുകണക്കിന്ന് ഭാഷാപത്രങ്ങൾ വേറേയുമുണ്ട്. ഈ പത്രങ്ങളെല്ലാം അന്നേദിവസം ഒന്നാം പേജിൽ ഒരേ ചിത്രം കീഴ്മേൽ ചിന്തിക്കാതെ പ്രസിദ്ധീകരിച്ചു.

ഈ ഫോട്ടോ ഏതെങ്കിലും ഏജൻസി എടുത്തു വിതരണം ചെയ്തതല്ല. പൗരബോധമുള്ള ആരെങ്കിലുമെടുത്ത് വിതരണം ചെയ്തതുമല്ല. പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ നൽകുന്ന "സർക്കാർ ചിത്ര"വുമല്ല ഇത്. ഓരോ പത്രത്തിന്റേയും സ്വന്തം ഫോട്ടോഗ്രാഫർമാരോ അല്ലെങ്കിൽ പ്രൊഫഷനൽ ഫോട്ടോഗ്രാഫർമാരോ നൽകിയ ചിത്രങ്ങളാണിവയെല്ലാം. കിട്ടിയ ചിത്രവുംവച്ച് നമ്മുടെ പത്രങ്ങൾ എന്തുചെയ്തുവെന്നതാണ് അത്ഭുതകരമായ കാര്യം.

ദൽഹി സ്ഫോടനത്തിൽ ഉൾപെട്ടവരെന്ന സംശയത്തിന്മേൽ പിടികൂടിയ മൂന്നുപേരുടെ ചിത്രമാണ് പത്രങ്ങൾ പ്രസിദ്ധീകരിച്ചത്. ദൽഹിയിലെ ജമിയാ നഗറിലുള്ള വീടുകളിൽനിന്നാണ് മൂന്നുപേരും അറസ്റ്റ് ചെയ്യപ്പെട്ടത്. ജമിയ മില്ലിയ ഇസ്ലാമിയ സർവ്വകലാശാലയിലെ വിദ്യാർത്ഥികളാണ് മൂന്നുപേരുമെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്.

ഒരു വിധത്തിലും തിരിച്ചറിയാനാകാത്തവിധത്തിൽ മൂന്നുപേരും തല മൂടിക്കെട്ടിയിരിക്കുന്നുവെന്നതാണ് ഇതിൽ ദുരൂഹമായിട്ടുള്ളത്. നീണ്ട തുണികൊണ്ടാണ് മൂന്നുപേരും തല മൂടിക്കെട്ടിയിരിക്കുന്നത്. പത്രക്കാർക്ക് ഫോട്ടോ എടുക്കാൻ നിന്നു കൊടുക്കുന്ന ഒരു ഭാവമുണ്ട് ഇവർക്ക്. തങ്ങളെ തിരിച്ചറിയാതിരിക്കാനല്ല തങ്ങളെ നന്നായി കണ്ടുമനസ്സിലാക്കാനുള്ള ഒരു വെമ്പലാണ് ചിത്രത്തിൽ കാണുന്നത്. മൂന്നുപേരും ഒരേ തരത്തിലുള്ള നീണ്ട വസ്ത്രം കൊണ്ടാണ് തല മൂടിയിരിക്കുന്നത്. ഇതിന്ന് സാധാരണയായ "പലസ്തീൻ ഉറുമാൽ" എന്നുപറയും. ഒരാളുടേയും മുഖം കാണാൻ സാധ്യമല്ലെങ്കിലും, ഈ പാലസ്തീൻ ഉറുമാൽതന്നെ ഇവർ അറബികളോ പശ്ചിമേഷ്യക്കാരോ ഇസ്ലാമികളോ ആണെന്ന് സൂചിപ്പിക്കും.

ഇന്റർനെറ്റിൽ ഇത് ചില ചോദ്യങ്ങളുയർത്തി. അറസ്റ്റ് ചെയ്യപ്പെട്ട മൂന്നുപേർക്കും ഒരേതരത്തിലുള്ള, പുതുപുത്തൻ പലസ്തീൻ ഉറുമാൽ എവിടെനിന്നുകിട്ടി. തങ്ങളെ അറസ്റ്റ് ചെയ്യാനിടയുണ്ടെന്ന് കരുതി മൂന്നുപേരും അങ്ങാടിയിൽപോയി ഒരേതരം ഉറുമാൽ വാങ്ങി പോക്കറ്റിൽ സൂക്ഷിച്ചിരിക്കുകയായിരുന്നുവോ? അതോ തങ്ങൾ ഇസ്ലാമിക് ഭീകരരാണെന്ന് എല്ലാവരും അറിഞ്ഞുകൊള്ളട്ടെ എന്നുകരുതി ഒരേതരം ഉറുമാൽ വാങ്ങിവച്ചിരിക്കുകയായിരുന്നുവോ? സാധാരണയായി ഒരാൾ അറസ്റ്റ് ചെയ്യപ്പെട്ടാൽ സ്വന്തം തൂവാലകൊണ്ട് മുഖം മറക്കുകയേ പതിവുള്ളൂ. തലയാകെ മൂടികെട്ടാവുന്ന ഉറുമാൽ എങ്ങനെ എവിടെനിന്നു കിട്ടി?

ഇത് ബഹളത്തിന്നിടയാക്കിയപ്പോൾ, നടുക്കിക്കളയുന്ന ചില വിവരങ്ങളുമായി ദൽഹി പോലീസ് കമ്മീഷണർ രംഗത്തുവന്നു. അറസ്റ്റ് ചെയ്യപ്പെട്ടവരെ ഇങ്ങനെ വേഷം കെട്ടിച്ചത് പോലീസ് തന്നെയാണെന്ന്

അദ്ദേഹം സമ്മതിച്ചു. മാത്രമല്ല, അറസ്റ്റ് ചെയ്യപ്പെടുന്നവരെയെല്ലാം അറബികളാണെന്നു തോന്നുന്ന വിധത്തിൽ വേഷം കെട്ടിക്കാൻ വേണ്ട തുണികൾ തങ്ങൾ കെട്ടുകണക്കിന്ന് വാങ്ങി വച്ചിട്ടുണ്ടെന്നും അദ്ദേഹം വെളിപ്പെടുത്തി.

വൃത്തികെട്ട ഏർപ്പാടാണെങ്കിലും, ഇത്തരം വൃത്തികേടുകൾ പോലീസ് കാണിക്കാറുണ്ടെന്ന് മിക്കവർക്കും അറിയാം. പത്രക്കാർ കൂട്ടത്തോടെ ഈ കെണിയിലെങ്ങനെ വീണു എന്നതാണ് വിശദീകരത്തിന്നതീതമായിട്ടുള്ളത്. ഒരു ചോദ്യചിഹ്നം ഇടുകപോലും ചെയ്യാതെയാണവർ ഇതു കൊടുത്തത്. തങ്ങൾ ഒന്നാംപേജിൽ കൊടുത്ത സാധനം ആധികാരികമാണോ എന്നുപോലും ഒരു പത്രവും ആലോചിച്ചില്ല.

പത്രത്തിൽ വരുന്ന വാർത്തകളെപ്പറ്റിയും ചിത്രങ്ങളെപ്പറ്റിയും വേണ്ടത്ര ജ്ഞാനമില്ലാത്തവർക്കു വേണ്ടി ഇത് മറ്റൊരു തരത്തിൽ അവതരിപ്പിക്കാം. ഫോട്ടോഗ്രാഫർമാർ ദിവസേന ലക്ഷക്കണക്കിന്ന് ചിത്രങ്ങളാണെടുക്കുന്നത്. ഇതിൽ കുറെയെണ്ണം നിരുപയോഗമെന്നോ വാർത്തക്കു ചേരാത്തതെന്നോ കരുതി ആദ്യമേ തള്ളിക്കളയും. ബാക്കിയുള്ളതിൽ 500 മുതൽ 1000 വരെ ചിത്രങ്ങളാണ് പത്രമാപ്പീസിൽ എത്തുക. ഇതിൽ ഏതെല്ലാം പത്രത്തിൽ കൊടുക്കണമെന്ന് തീരുമാനിക്കുക എഡിറ്റോറിയൽ വിഭാഗമാണ്. ഒരു അരിക്കൽകൂടി കഴിഞ്ഞ ശേഷമാണ് ഒന്നാം പേജിൽ ഏതു കൊടുക്കണമെന്നു തീരുമാനിക്കുക.

ഒന്നാം പേജിൽ കൊടുക്കുന്ന ചിത്രത്തിന്ന് ഏതു പത്രവും വലിയ പ്രാധാന്യമാണ് കല്പിക്കുക. തങ്ങൾ എന്തിന്നുവേണ്ടി നിലകൊള്ളുന്നുവെന്നത് പ്രധാനമാണ്. അന്നത്തെ വാർത്തക്ക് ദൃശ്യപരമായ പിൻബലം നൽകുന്നതാകും ചിത്രം. കൊല്ലത്തിൽ 365 ദിവസങ്ങളുള്ളതിൽ എല്ലാ പത്രങ്ങളും ഒന്നാം പേജിൽ ഒരേ ചിത്രം നൽകുന്ന അവസരങ്ങൾ അത്യപൂർവ്വമായിരിക്കും. ജനാധിപത്യപരമായ പത്രപ്രവർത്തനത്തിന്റെ മഹത്വവും കരുത്തും അതാണ്. ഓരോ സംഭവം സംബന്ധിച്ച പത്രാധിപ നിലപാടും വ്യാഖ്യാനവും വ്യത്യസ്തമാകുന്നതങ്ങനെയാണ്. പത്രലോകത്തിലെ ആരോഗ്യകരമായ മത്സരത്തിന്റേയും വൈവിധ്യത്തിന്റേയും വൈരുധ്യത്തിന്റേയും ലക്ഷണമാണത്. ഒരു പത്രം ഒരു വാർത്ത സ്തുതി പാടാനായി കൊടുക്കുമ്പോൾ മറ്റൊരു പത്രം അതേ വാർത്ത വിമർശനാത്മകമായി അവതരിപ്പിക്കും.

ദേശീയ പത്രങ്ങളിൽ മിക്കവയും ഒന്നാം പേജിൽ ഒരേ വാർത്തയും ഒരേ ചിത്രവുമായി പ്രത്യക്ഷപ്പെടുമ്പോൾ നിങ്ങൾക്കവിടെ പ്രത്യയശാസ്ത്രത്തിന്റെ ദുർഗന്ധം അനുഭവപ്പെടും. ഭരണവർഗ്ഗത്തിന്റെ ആശയങ്ങളെ ചോദ്യം ചെയ്യാതെ സ്വീകരിക്കലാണത്. അറസ്റ്റ് ചെയ്ത്, ഒരേ തരം അറബിതുണികൊണ്ട് തലമൂടികെട്ടിയ നിലയിൽ അവതരിപ്പിച്ച മൂന്നു ചെറുപ്പക്കാരെക്കുറിച്ചുള്ള ചിത്രം ഇന്ത്യയിലെ മികച്ച പത്രങ്ങളുടെ ന്യൂസ് റൂമുകളിലൊന്നിൽപോലും വിശകലനം ചെയ്യപ്പെട്ടില്ല എന്നത് എന്നെ സംബന്ധിച്ചിടത്തോളം ഹൃദയഭേദകമാണ്. അടിയന്തിരാവസ്ഥകാലത്തുപോലും ഇന്ത്യൻ പത്രങ്ങൾ ഇത്രയും അടിമമനോഭാവം കാണിച്ചിട്ടില്ല. വാസ്തവത്തിൽ പത്രങ്ങൾ അവയുടെ മുൻവിധിക്കും വർഗ്ഗീയ മനോഭാവത്തിന്നും അടിമപ്പെട്ടുപോയിരിക്കുകയാണ്. നാസികളുടെ പ്രചരണ യന്ത്രത്തിന്നു പോലും ഇത്തരം അത്ഭുതങ്ങൾ കാണിക്കാനാവില്ല. ❏

# വനവൽക്കരണ വിദ്യകൊണ്ട് കാര്യമില്ലെന്ന് സുപ്രീംകോടതി

ഒരു കാട്ടിലെ ഒട്ടേറെ മരങ്ങൾ മുറിച്ചുമാറ്റിയശേഷം അവിടെ കുറച്ച് വൃക്ഷതൈകൾ നട്ടതുകൊണ്ട് കാര്യമൊന്നുമില്ലെന്ന് സുപ്രീംകോടതി വിധിച്ചു.

ഗോവാ ഗവർമ്മേണ്ട് കയറ്റുമതിക്കുള്ള ഉല്പന്നങ്ങൾ നിർമ്മിക്കാനായി ചൗഗ്യൂൾ എന്ന കമ്പനിക്ക് പന്ത്രണ്ട് ഹെക്ടർ വനഭൂമി അനുവദിച്ചിരുന്നു. മൂവായിരത്തിൽപരം മരങ്ങൾ മുറിക്കേണ്ടിവരുന്ന ഒരു പദ്ധതിയാണിതെന്നു ചൂണ്ടിക്കാണിച്ചുകൊണ്ട് ഗോവാ ഫൗണ്ടേഷൻ എന്ന സംഘടന സമർപ്പിച്ച ഹർജി ഹൈക്കടതി അനുവദിച്ചു. ഇതിന്നെതിരെ കമ്പനി സമർപ്പിച്ച അപ്പീൽ തള്ളിക്കൊണ്ടാണ് സുപ്രീം കോടതിയിൽനിന്ന് ഈ സുപ്രധാന വിധിയുണ്ടായത്.

ഇന്ത്യയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വനവൽക്കരണ പദ്ധതി മൗലീകപ്രശ്നത്തെ സ്പർശിക്കുന്നവയല്ലെന്ന് അനുഭവത്തിൽനിന്നും നിരീക്ഷണത്തിൽനിന്നും മനസ്സിലാക്കാൻ കഴിയുമെന്ന് കോടതി ചൂണ്ടിക്കാട്ടി. വെട്ടിയേടത്തോളം മരങ്ങൾ നട്ടുപിടിപ്പിക്കാമെന്നു പറയുന്നത് പ്രശ്നത്തെ നിസ്സാരവൽക്കരിക്കലാണ്. വെട്ടിയിറക്കിയ കാടിന്ന് ബദൽ എന്ന പേരിൽ പുനർവനവൽക്കരണം നടത്തുന്ന പഴഞ്ചൻ രീതി പറ്റില്ല. തദ്ദേശീയമായ മരങ്ങൾ വെട്ടിമാറ്റി വിദേശീയമരങ്ങളാണ് നട്ടുപിടിപ്പിക്കുന്നത്. വേഗം വളർന്നു വലുതാകാനുള്ള വിദ്യയാണിത്. പോപ്ലാർ മരങ്ങളോ യൂക്കാലിമരങ്ങളോ നട്ടാൽ എണ്ണത്തിന്ന് എണ്ണം തികക്കാം. പക്ഷെ നമ്മുടെ പാരിസ്ഥിതികമായ ആവശ്യത്തിന്ന് അത് പ്രയോജനപ്പെടില്ല എന്ന് ജ. തരുൺ ചാറ്റർജിയും ജ. എച്ച്.എസ്. ബേദിയുമടങ്ങിയ ഒരു ബഞ്ച് ചൂണ്ടിക്കാട്ടി.

ഇതിന്ന് മറ്റൊരു വശം കൂടിയുണ്ടെന്ന് വിധിയിൽ പറയുന്നു. അത് കൂടുതൽ അസ്വാസ്ഥ്യജനകമാണ്. തദ്ദേശ പരിതസ്ഥിതിക്കിണങ്ങിയ മരങ്ങളോ കാടോ മുറിച്ചുമാറ്റുമ്പോൾ, അതിനെ ആശ്രയിച്ചു നിലനിൽക്കുന്ന പരിതസ്ഥിതി നശിക്കുന്നു. വനം നശീകരണം മൂലം ആവാസ വ്യവസ്ഥ നശിച്ചതിനാൽ വന്യജീവികൾക്കുണ്ടായിട്ടുള്ള കനത്ത നാശത്തിൽനിന്ന് ഇത് മനസ്സിലാക്കാം.

നമ്മുടെ രാജപാതകൾക്കിരുവശവും ഉണ്ടായിരുന്ന മരങ്ങൾ നശിപ്പിച്ചത് ഇതിന്ന് ചെറിയൊരു ഉദാഹരണമാണ്. മുപ്പതുകൊല്ലംമുമ്പ് എല്ലാ രാജപാതകൾക്കും അടുത്ത് നിറയെ മരങ്ങളായിരുന്നു. ഇവ യാത്രക്കാർക്ക് തണൽ നൽകുക മാത്രമല്ല, നാനാതരം പക്ഷികൾക്കും പണ്ടുണ്ടായിരുന്ന ജീവികൾക്കും ആവാസ വ്യവസ്ഥയും പ്രദാനം ചെയ്തിരുന്നു. വർധിച്ചുവരുന്ന ഗതാഗതാവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ റോഡുകൾക്ക് വീതി കൂട്ടുന്നതിന്നായി ഈ മരങ്ങളെല്ലാം വെട്ടിമാറ്റുകയും നാടിന്നു യോജിക്കാത്ത മരങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്തു. ഇവയിലധികവും പക്ഷികൾക്കോ പരിസ്ഥിതിക്കോ ഇണങ്ങാത്തവയായിരുന്നു. റോഡുകൾക്ക് വീതി കൂട്ടിയപ്പോൾ അറ്റത്തെ തിണ്ടിന്മേലാണിവ നട്ടുപിടിപ്പിച്ചത്. പക്ഷികളുടെ ആവാസ വ്യവസ്ഥ പാടെ നശിപ്പിക്കപ്പെട്ടു. പണ്ട് ആയിരക്കണക്കിന്ന് പക്ഷികൾ കൂടുകെട്ടിയിരുന്ന സ്ഥാനത്ത്, ഇന്ന് ഒന്നും ശേഷിക്കുന്നില്ലെന്ന് പറയാം.

ഈ സാഹചര്യത്തിൽ, വനഭൂമി നൽകാൻ പാടില്ലെന്ന ഹൈക്കോടതിയുടെ വിധിയെ തങ്ങൾ ശരിവയ്ക്കുന്നതായി സുപ്രീം കോടതി വിധിച്ചു. ❑

# ഇന്ത്യയിലെ അനാഥരായ സോമാലി അഭയാർത്ഥികൾ

1991 ജനുവരിയിൽ സോമാലിയയുടെ ഗവർമ്മേണ്ട് തകർന്നു. അവിടത്തെ വിവിധ ഗോത്രവർഗ്ഗക്കാർ തമ്മിൽ പോരാട്ടം ആരംഭിച്ചു. നാടുനീളെ അക്രമം; കലാപങ്ങളിൽ കൊല്ലപ്പെട്ടവരുടെ കണക്കൊന്നുമില്ല. സകലവിധ മനുഷ്യാവകാശങ്ങളും ധ്വംസിക്കപ്പെട്ടു. കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്നായി സ്ഥിതി. കൊല്ലപ്പെടാത്തവർ ജീവനുംകൊണ്ടോടി നാലു ലക്ഷം പേരെങ്കിലും അഭയാർത്ഥികളായി പല രാജ്യങ്ങളിൽ എത്തിപെട്ടിട്ടുണ്ട്. വഞ്ചി വഴി ഇന്ത്യയിലെത്തിയവർ ആറുനൂറോളം പേർ വരും.

ദൽഹിയിൽ അഭയാർത്ഥികൾക്കായുള്ള ഐക്യരാഷ്ട്ര കമ്മീഷണറുടെ ഓഫീസിലാണ് ഇവരെല്ലാം പേർ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇന്ത്യയിലുള്ള ഏറ്റവും വലിയ ആഫ്രിക്കൻ സമൂഹമാണിവരെന്നു പറയാം. ഇന്ത്യയിൽ ഒട്ടേറെ തിബത്തുകാരുണ്ട്; ഒട്ടേറെ ശ്രീലങ്കാതമിഴരുണ്ട്. ഇവരുടെയെല്ലാം സംരക്ഷണം ഇന്ത്യാഗവർമ്മേണ്ട് ഏറ്റെടുത്തിട്ടുമുണ്ട്. എന്നാൽ സോമാലിയാക്കാരടക്കമുള്ള മറ്റുള്ളവരുടെ കാര്യം ഇന്ത്യാഗവർമ്മേണ്ട് ഏറ്റെടുത്തിട്ടില്ല. അവരെല്ലാം ഐക്യരാഷ്ട്ര അഭയാർത്ഥി കമ്മീഷണറുടെ ചുമതലയിലാണ്.

അഭയാർത്ഥികളെ സംബന്ധിച്ച ഒരു കരാറിലും ഇന്ത്യ ഒപ്പുവച്ചിട്ടില്ലെന്നതിനാൽ നിയമപരമായി ഇവരെല്ലാം അനാഥരാണ്. അഭയാർത്ഥികളെ സ്വാശ്രിതരാക്കുക എന്നതാണ് ദൽഹിയിലെ ഐക്യരാഷ്ട്രകമ്മീഷണറുടെ ലക്ഷ്യങ്ങളിലൊന്ന്. ഇതിന്നായി അഭയാർത്ഥികൾക്ക് നൽകിവരുന്ന അലവൻസ് ക്രമത്തിൽ കുറച്ചുകൊണ്ടുവരുന്നു. പക്ഷെ മറ്റ അഭയാർത്ഥികൾക്കെന്നപോലെ സോമാലിയക്കാർക്കും നിയമപരമായി ഇന്ത്യയിൽ ജോലിയിൽ പ്രവേശിക്കാനാവില്ല. അലവൻസ് കുറയുമ്പോൾ ഇവർ ഗതികേടിലാകുന്നു.

സോമാലി കുട്ടികൾക്ക് വിദ്യാഭ്യാസത്തിന്ന് മാർഗ്ഗമൊന്നുമില്ല. സർക്കാർ സ്കൂളുകളിൽ ഹിന്ദിയാണ് അധ്യയന മാധ്യമം. സോമാലിയക്കാർക്ക് തീരെ അപരിചിതമാണ് അത്. ഇംഗ്ലീഷ് മാധ്യമമായുള്ള സ്വകാര്യ വിദ്യാലയങ്ങളുണ്ട്. സോമാലി ഭാഷക്കും ഇംഗ്ലീഷിനും ഒരേ ലിപിയാകയാൽ കുട്ടികൾക്ക് അത് കൂടുതൽ എളുപ്പമാണ്. മാത്രമല്ല ഇംഗ്ലീഷിൽ പഠിപ്പിക്കാൻ കഴിവുള്ള ചില സോമാലികളുമുണ്ട്. പക്ഷെ ഐക്യരാഷ്ട്ര സമിതി നൽകുന്ന വിദ്യാഭ്യാസ അലവൻസിന്റെ നാലിരട്ടിയാണ് ഇംഗ്ലീഷ് സ്കൂളുകളിലെ ഫീസ്. മാത്രമല്ല ഇംഗ്ലീഷ് സ്കൂളുകളിൽ പ്രവേശനത്തിന്ന് നിശ്ചയിച്ചിട്ടുള്ള യോഗ്യതയുടെ അടുത്തെങ്ങും എത്താൻ അഭയാർത്ഥി കുട്ടികൾക്കാവില്ല.

ദൽഹിയിൽ താമസിക്കാനൊരു സ്ഥലം കണ്ടെത്തലും വലിയൊരു പ്രശ്നമാണ്. ഈ അഭയാർത്ഥികളെ നാട്ടുകാരും പോലീസും ശല്യപ്പെടുത്തുന്നു. അപൂർവ്വം വീട്ടുകാരേ ഇവർക്ക് സ്ഥലം വാടകക്ക് നൽകൂ. തന്മൂലം കിട്ടിയ സ്ഥലത്ത് പല കുടുംബക്കാർക്ക് ഞെങ്ങിഞെരുങ്ങി താമസിക്കേണ്ടി വരുന്നു.

അഭയാർത്ഥികൾക്ക് സർക്കാർ വക ഏതാസ്പത്രിയിലും ചികിത്സ നേടാമെന്നാണ് വയ്പ്. പക്ഷെ അടിയന്തിര ഘട്ടങ്ങളിൽ സ്വകാര്യാസ്പത്രികളെ ആശ്ര

# പുതിയ തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ സാന്നിധ്യം

**- കല്പന ശർമ്മ -**

**ഇ**ൗയിടെ മഹാരാഷ്ട്രത്തിലെ ഔറംഗാബാദിൽ ഒരു സംഘം സ്ത്രീകൾ വിഷമകരമായ ഒരു വെല്ലുവിളി ഏറ്റെടുക്കുകയുണ്ടായി. പട്ടണത്തിൽ അപകടങ്ങളിൽപെട്ടു മരിക്കുന്ന അനാഥ ശവങ്ങളുണ്ടാകും. അത് മറവു ചെയ്യുകയോ സംസ്കരിക്കുകയോ ചെയ്യുന്ന പണി സാധാരണയായി ലേലം വിളിച്ചുകൊടുക്കുകയാണ് പതിവ്. ഇക്കൊല്ലം പഞ്ചശീൽ മഹിളാസംഘം എന്ന സ്വയം സഹായ ഗ്രൂപ്പിൽപെട്ട പതിനൊന്നു സ്ത്രീകൾ ചേർന്ന് ലേലത്തിൽ പങ്കെടുത്തു. പുരുഷന്മാരുടേതായ നാലു സംഘങ്ങൾ ക്വൊട്ടേഷൻ സമർപ്പിച്ചിരുന്നുവെങ്കിലും പഞ്ചശീൽ ഗ്രൂപ്പാണ് വിജയിച്ചത്. മാസംതോറും 15,000 ക. മുനിസിപ്പാലിറ്റി നൽകും. മൃതദേഹങ്ങൾ അഞ്ചിൽ കൂടുതൽ വന്നാൽ അധികം വരുന്ന ഓരോന്നിന്നും 3000 ക. വീതം നൽകും.

പുരുഷന്മാർ മാത്രം ചെയ്തുവന്നിരുന്ന ജോലികളിൽ സ്ത്രീകളും ധൈര്യസമേതം പ്രവേശിച്ചു തുടങ്ങി എന്നാണിത് കാണിക്കുന്നത്. സ്ത്രീകളുടെ പണി പപ്പടം ഉണ്ടാക്കലോ തുന്നൽ പണി നടത്തലോ ഒക്കെയായിട്ടാണ് സമൂഹം കരുതി വന്നിരുന്നത്. ശവസംസ്കാരത്തിന്റെ ചുമതല ഏറ്റെടുത്ത സ്ത്രീകൾ പറയുന്നത്, ഓരോ മൃതദേഹം സംസ്കരിക്കുമ്പോഴും 500 രൂപയെങ്കിലും ലാഭം കിട്ടുന്നുണ്ടെന്നാണ്. അതിലും പ്രധാനം മൃതദേഹങ്ങൾ കൈകാര്യം ചെയ്യാനുള്ള വെറുപ്പിനെ അവർ കീഴടക്കിയിരിക്കുന്നുവെന്നതാണ്. അതുമല്ല, മറ്റുള്ളവരുടെ കുത്തുവാക്കുകളെ നേരിടാനുള്ള തന്റേടവും അവർക്കുണ്ടായിട്ടുണ്ട്.

സ്ത്രീകൾക്ക് കൈകര്യം ചെയ്യാവുന്ന അല്ലെങ്കിൽ കൈകാര്യം ചെയ്യാൻ വയ്യാത്ത പണി ഏതെല്ലാ

➡

---

യിക്കേണ്ടിവരും. ആ ചെലവു വഹിക്കാൻ ആരും തയ്യാറല്ല.

ഇന്ത്യക്കാർ പൊതുവെ വർണ്ണബോധമുള്ളവരാണ്. കറുത്തിരുണ്ട സോമാലിയക്കാരെ എല്ലാവരും ശല്യപ്പെടുത്തും. എന്തെങ്കിലും പണിയെടുത്ത് ജീവിക്കാനുള്ള സാധ്യത അപ്പോൾ ഇല്ലാതാകുന്നു. മറ്റു അഭയാർത്ഥികൾക്ക് ജനങ്ങളിൽ ഇഴുകിച്ചേരാൻ കഴിയുമ്പോൾ, സോമാലിയക്കാർക്ക് ആ സാധ്യതയും നഷ്ടപ്പെടുന്നു.

അഭയാർത്ഥിക്കാര്യത്തിൽ ഐക്യരാഷ്ട്ര സമിതി മൂന്നു മാർഗ്ഗങ്ങളാണ് അവലംബിക്കുന്നത് (1). അഭയാർത്ഥികൾക്ക് സ്വദേശത്തേക്ക് മടങ്ങാൻ സഹായിക്കുക. (2). എത്തിച്ചേർന്ന നാട്ടിൽ ഇഴുകിച്ചേരാൻ സഹായിക്കുക. (3). ഒരു മൂന്നാം രാജ്യത്ത് പുനരധിവസിപ്പിക്കുക. ഇതിൽ മൂന്നാമത്തേത് ഒരവകാശമല്ല. സോമാലിയക്കാരെ സംബന്ധിച്ചിടത്തോളം ഇതിൽ ആദ്യത്തേതിന് സാധ്യതയൊന്നുമില്ല.

അപ്പോൾ സോമാലിയക്കാരുടെ കാര്യത്തിൽ ഐക്യരാഷ്ട്ര അഭയാർത്ഥി കമ്മീഷൻ കൂടുതൽ ഉദാരമായി പ്രവർത്തിക്കണമെന്നു സിദ്ധിക്കുന്നു. ❑

മെന്ന ചോദ്യമാണിവർ ഉയർത്തുന്നത്. നല്ല വിദ്യാഭ്യാസം നേടിയ സ്ത്രീകൾ ഇപ്പോൾ പുരുഷന്മാർ മാത്രം കൈകാര്യം ചെയ്തുവന്നിരുന്ന പല ജോലികളിലും കയറിപ്പറ്റിയിട്ടുണ്ട്. എന്നാൽ പാവങ്ങളായ സ്ത്രീകൾക്ക് ഇന്നും മിക്ക തുറകളും തടയപ്പെട്ടിരിക്കുകയാണ്. അവരെടുക്കുന്ന പണിയിലധികവും കൂലിയില്ലാത്തവയാണ്. നഗരങ്ങളിൽപോലും അവർ വീട്ടുജോലികളാണ് ചെയ്യുന്നത്. അതിന്നാകട്ടെ നിസ്സാര വേതനമാണ് നൽകി വരുന്നത്.

കുറച്ചൊക്കെ വിദ്യാഭ്യാസമുള്ള ചില സ്ത്രീകൾ പണിയെടുത്തു ജീവിക്കാൻ ആഗ്രഹിക്കുന്നവരായുണ്ട്. പക്ഷെ ഇവർക്ക് തരണം ചെയ്യേണ്ട വൈതരണികൾ ചില്ലറയല്ല. ഈയിടെ മുംബായ് പത്രങ്ങൾ റിപ്പോർട്ട് ചെയ്ത ഒരു വാർത്ത ഇതിന്ന് ഉദാഹരണമാണ്.

അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ ജോലിക്ക് ഈയിടെ ഗവർമ്മേണ്ട് അപേക്ഷ ക്ഷണിച്ചു. ആകെ 207 തസ്തികയുണ്ട്. അതിൽ 62 എണ്ണം സ്ത്രീകൾക്ക് സംവരണം ചെയ്തതാണ്. പക്ഷെ അതിലൊരു കെണിയുണ്ട്. കുറഞ്ഞത് 157 സെന്റീമിറ്റർ ഉയരം വേണമെന്നതാണത്. മറ്റെല്ലാ യോഗ്യതയുമുണ്ടായിട്ടും ഉയരത്തിൽ അല്പം കുറവാണെന്നതുകൊണ്ടു മാത്രം ആറു സ്ത്രീകൾ പുറം തള്ളപ്പെട്ടു. ഗവർമ്മേണ്ടിന്റെ ഈ നടപടിക്കെതിരെ ഹൈക്കോടതിയിൽ ഹർജി സമർപ്പിക്കപ്പെട്ടപ്പോഴാണ് ഈ വാർത്ത പുറത്തുവന്നത് നിർഭാഗ്യവശാൽ കേസ് തള്ളപ്പെട്ടു. നിയമനത്തിനുണ്ടാകേണ്ട യോഗ്യത നിർണയിക്കാൻ നിയമനം നടത്തുന്ന അധികാരിക്ക് അധികാരമുണ്ടെന്നു പറഞ്ഞാണ് കേസ് തള്ളിയത്. സംവരണം ചെയ്യപ്പെട്ട തസ്തികയിൽ നിയമനം കിട്ടാൻ പോലും തടസ്സങ്ങൾ ഏറെയുണ്ടെന്നർത്ഥം.

ബാംഗളൂരിൽ തപാൽ വിതരണം നടത്തുന്നത് സ്ത്രീകളാണെന്ന് ഈയിടെ അവിടെനിന്ന് റിപ്പോർട്ടുണ്ടായിരുന്നു. വളരെ നല്ല കാര്യമാണത്. സ്ത്രീകൾക്ക് പ്രവേശിക്കാവുന്ന നല്ലൊരു തൊഴിൽ രംഗമാണത്. മുംബായിൽ സ്ത്രീകൾ ടാക്സികൾ ഓടിക്കുന്നു. ചില ദിക്കിൽ സ്ത്രീകൾ ഓട്ടോറിക്ഷ ഓടിക്കുന്നുണ്ട്. മുംബായിൽ ബസ് കണ്ടക്ടർമാരായി സ്ത്രീകളെ നിയമിച്ചതായിരുന്നു പിന്നീട് വേണ്ടെന്നുവച്ചു.

ഇന്ത്യയിൽ സ്ത്രീകളിലധികവും പണിയെടുക്കുന്നത് അസംഘടിത മേഖലയിലാണ്. അതിന്നർത്ഥം തൊഴിൽ സ്ഥിരതയില്ല എന്നാണ്; ന്യായമായ വേതനത്തിന്ന് ഉറപ്പില്ല; ജോലിയുടെ മേൽനോട്ടത്തിനും ആരുമില്ല.

ജീവിതച്ചെലവ് വർധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ കുടുംബത്തിന്റെ നിലനിൽപിന്നുതന്നെ സ്ത്രീകൾക്ക് തൊഴിൽ കണ്ടെത്തേണ്ടിവരും. അത് പൊതുവെ സമ്പദ് വ്യവസ്ഥക്കുതന്നെ ഗുണം ചെയ്യും. കഴിഞ്ഞ രണ്ടു ദശകങ്ങളിൽ വികസിത ലോകത്തിന്റെ വളർച്ചക്കുകാരണമായത് കൂടുതൽ സ്ത്രീകൾ തൊഴിൽ രംഗത്തെത്തിയതുകൊണ്ടാണെന്ന് "എക്കണോമിസ്റ്റ്" 2006ൽ കണ്ടെത്തുകയുണ്ടായി. സ്ത്രീകളുടെ വീട്ടുജോലിയുടെ മൂല്യവും കുട്ടികളെ വളർത്തുന്നതിന്റെ മൂല്യവും ജി.ഡി.പി. യിൽ ഉൾപ്പെടുത്തിയാൽ, ലോകത്തിലെ ഉല്പാദനത്തിന്റെ പകുതിയിലേറെ സ്ത്രീകളുടേതാണെന്നു കാണാം. ❑

# ജോൺസിയുടെ കത്ത്

സ്നേഹമുള്ള കുടുംബാംഗങ്ങളേ!

1936 ലാണ് ഞാൻ ജനിച്ചത്. അടുത്ത സെപ്തംബറിൽ എനിക്ക് 72 വയസ്സ് തികയും. ഏതാണ്ട് മൂന്നുവയസ്സുമുതലുള്ള ഒരുപാട് കാര്യങ്ങൾ ഇന്നും എന്റെ മനസ്സിൽ ഉണ്ട്. എന്റെ അനുഭവങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഏറെ ആഗ്രഹിച്ചാണ് ഞാൻ എന്റെ ജീവിതാനുഭവങ്ങൾ പ്രസാദത്തിൽ പ്രസിദ്ധീകരിച്ചത്. അത് ഒന്ന് എഡിറ്റ് ചെയ്ത് പുസ്തകമാക്കാൻ ഏറെ ആഗ്രഹം ഉണ്ട്. പക്ഷെ ഇന്നത്തെ എന്റെ സ്ഥിതിയിൽ അക്കാര്യം നടക്കുമെന്ന് തീർച്ചയില്ല.

ഞാൻ ഒരു ക്രിസ്റ്റ്യൻ-പ്രൊട്ടസ്റ്റന്റ് വിഭാഗത്തിലാണ് ജനിച്ചത്. ആദ്യം അത് CMS എന്ന വിഭാഗമായിരുന്നു. പിന്നീട് അത് ചർച്ച് ഓഫ് സൗത്ത് ഇന്ത്യയായി മാറി. ഞാൻ ജനിക്കുമ്പോൾ എന്റെ അഛൻ മദ്രാസ് ക്രിസ്ത്യൻ കോളേജിലെ ഒരു ഫൈനൽ ഇയർ ഓണേഴ്സ് വിദ്യാർത്ഥിയായിരുന്നു. എന്റെ പേരിലെ C എന്ന അക്ഷരം അതിന്റെ അവശിഷ്ടമാണ്. കോളേജിലെ ഒരു അദ്ധ്യാപകന്റെ കുട്ടിയായിരുന്നു ക്രിസ്റ്റഫർ. ആ പേരാണ് എന്റെ അഛൻ എനിക്ക് തന്നത്. പേരിനർത്ഥം ക്രിസ്തുവിനെ വഹിക്കുന്നവൻ എന്നാണ്.

എന്റെ ബാല്യകാലത്ത് ഞായറാഴ്ചകളിലെ പള്ളിയാരാധനയിൽ പങ്കുകൊണ്ടു. പള്ളിയിലെ ഗായസംഘത്തിലെ അംഗമായിരുന്നു ഞാൻ. കൂടാതെ സണ്ടേയ്സ്കൂളിൽ ഏറെകാലം പഠിപ്പിച്ചുമിരുന്നു. എനിക്ക് 7 വയസ്സായപ്പോൾ എനിക്ക് കിട്ടിയ സമ്മാനം ഒരു സത്യവേദപുസ്തകം (ബൈബിൾ) ആയിരുന്നു. നിഷ്ഠയോടെ അത് വായിക്കുകയും പഠിക്കുകയും ചെയ്തു. കിട്ടാവുന്നത്ര വ്യാഖ്യാനങ്ങളും ഞാൻ പഠിച്ചു. പതിനാലു വയസ്സുവരെയെങ്കിലും ഞാനത് തുടർന്നു. അങ്ങനെ ഞാൻ മനസ്സിലാക്കി യേശുവും



ജോൺസി ജേക്കബ്ബ്
(ചിത്രം: ലിറ്റിൽ മാസിക)

ക്രിസ്തുമതവും വിപരീത ദിശകളിലാണുള്ളത് എന്ന്. യേശു ചെയ്യരുതെന്ന് കൽപ്പിച്ചതെല്ലാം സഭ ചെയ്യുന്നു. ചെയ്യാൻ പറഞ്ഞതൊന്നും ചെയ്യുന്നില്ല. അങ്ങനെ ഞാനൊരു വല്ലാത്ത മനസ്ഥിതിയിലായി. പോകുന്നതുപോലെ പോകട്ടെ എന്ന് വിചാരിച്ച് അക്കാര്യം മനസ്സിൽ നിന്ന് മാറ്റി വെക്കാൻ ശ്രമിച്ചു.

എന്റെ ഡിഗ്രിയും ബിരുദാനന്തര ബിരുദവും മദ്രാസ് ക്രിസ്ത്യൻ കോളേജിലായിരുന്നു. അതെന്റെ വലിയൊരു വഴിത്തിരിവായിരുന്നു. പിന്നീട് ദേവഗിരിയിൽ ചേർന്നപ്പോൾ ഭാരതത്തിന്റെ ചിന്തയെപ്പറ്റി അറിയാനും അല്പമൊക്കെ പഠിക്കാനും കഴിഞ്ഞു. എല്ലാറ്റിനെയും ഒന്നായികാണാനും ജീവനെയും ജീവികളെയും സ്നേഹിക്കാനുമുള്ള പരിശീലനമായിരുന്നു മദ്രാസ് ക്രിസ്ത്യനിൽ നിന്ന് എനിക്ക് കിട്ടിയത്. ഭാരതീയ ചിന്തയുമായി അത് ഏറെ ഒത്തുപോകുന്നു എന്ന് ഞാൻ കണ്ടു. ആദ്യം അന്നത്തെ രാഷ്ട്രപതിയായിരുന്ന ഡോ. രാധാകൃഷ്ണന്റെ

ലേഖനങ്ങളും കുറിപ്പുകളും ആയിരുന്നു. പിന്നീട് രാമകൃഷ്ണ പരമഹംസനെപ്പറ്റി അറിഞ്ഞു. വിവേകാനന്ദ സാഹിത്യം എന്നെ ഒരു പുതിയ അറിവിലേക്ക് നയിച്ചു. എനിക്ക് സംസ്കൃതം അറിയില്ല. എങ്കിലും ഇംഗ്ലീഷിലൂടെ വേദാന്തത്തെപ്പറ്റി അല്പസ്വല്പം പഠിക്കാൻ കഴിഞ്ഞു. ഇക്കാലമത്രയും എന്റെ ഉള്ളിൽ കിടന്ന ആശയങ്ങളാണല്ലോ അവയിൽ എന്ന് മനസ്സിലായി. മനസ്സിൽ നിറഞ്ഞുകിടന്ന അന്ധകാരം മാറുവാൻ തുടങ്ങി. എല്ലാറ്റിനെയും ഒന്നായി ഒന്നിന്റെ ഭാഗമായി കണ്ട് ബഹുമാനിക്കാനും സ്നേഹിക്കാനും ഞാൻ പഠിച്ചു. ആ പഠനം ഇന്നും തുടരുന്നു. ഒടുവിൽ ഞാൻ ആര്യസമാജത്തിൽ പോയി ഒരു ഹിന്ദുവായി മാറി.

യേശുവിന്റെ വചനങ്ങൾ കൂട്ടാക്കാതെ അദ്ദേഹത്തെ അപമാനിക്കുന്ന ഒരു മതത്തിൽ തുടരുക എന്നത് അസഹ്യമായതുകൊണ്ടാണ് ഞാനിപ്രകാരം ചെയ്തത്. എന്റെ ഇപ്പോഴത്തെ പേര് വാസുദേവൻ എന്നാണ്. പൂർണ്ണമായി പറഞ്ഞാൽ വാസുദേവൻ നന്ദിക്കര എന്ന്. ജോൺസി എന്ന പേര് തുടർന്നത് ആ പേരിലാണ് ഞാൻ അറിയപ്പെടുന്നത് എന്നതുകൊണ്ടായിരുന്നു. ക്രിസ്തുമതം ഉപേക്ഷിച്ചയന്ന് രാത്രി ഞാൻ യേശുവിനോട് പറഞ്ഞു. "കർത്താവേ, ഞാനിപ്പോൾ ക്രിസ്തുമതത്തിന്റെ പുറത്തായി" എന്ന്. ഉടനെ അദ്ദേഹം "മോനേ, ഞാൻ ഒരിക്കലും അതിൽ ഉണ്ടായിരുന്നില്ലല്ലോ" എന്ന് മറുപടിയും തന്നു.

എന്റെ പാരിസ്ഥിതിക ചിന്തകൾ എന്റെ ശൈശവത്തിൽ ആരംഭിച്ചതാണ്. മദ്രാസ് കലാലയത്തിലെ നാല് വർഷങ്ങൾ- ആ 750 ഏക്കർ മുൾക്കാടും ജന്തുസമൂഹവും ആ ചിന്തകളെ പുഷ്ടിപ്പെടുത്തി. ഇക്കാര്യത്തിൽ എന്റെ ഗുരു ഡോ. ജോഷിയും മറ്റ് പല അദ്ധ്യാപകരും എന്നെ ഒരുപാട് സ്വാധീനിച്ചു. 1960 ൽ ദേവഗിരിയിൽ ചേർന്നതോടെ എന്റെ പ്രവർത്തനങ്ങളും ആരംഭിച്ചു. എന്റെ രണ്ടാമത്തെ ഗുരു നിത്യ ചൈതന്യയതിയും എന്നെ അനുഗ്രഹിച്ചു. ആദ്യത്തെ ഗുരു പ്രകൃതിയിൽനിന്ന് പഠിക്കാൻ ഉപദേശിച്ചപ്പോൾ രണ്ടാമത്തെ ഗുരു എന്നോട് മനസ്സാക്ഷിയൊഴികെ ഒന്നിനെയും ഭയപ്പെടരുത് എന്ന ഉപദേശമാണ് തന്നത്.

പ്രകൃതി ഈശ്വരനാണ്. ഈശ്വരചൈതന്യമാണ് എന്ന് ഉറച്ച് വിശ്വസിക്കുന്നു. എല്ലാം വിശുദ്ധമാണ്. ഇവിടെ മനുഷ്യന് പ്രത്യേക അവകാശങ്ങൾ ഇല്ല. ഒരു ആനയ്ക്കുള്ള അവസരം ഒരു ഉറുമ്പിനും ഉണ്ട്. പ്രകൃതിയുടെ നിയമം എല്ലാറ്റിനും നിലനില്പും സൗഭാഗ്യവും തന്നരുളുന്നു. നിയമലംഘനം സർവ്വനാശത്തിലും എത്തിക്കും.

അങ്ങനെ കഴിഞ്ഞ അരനൂറ്റാണ്ടോളം വരുന്ന എന്റെ ജീവിതത്തിൽ ഞാൻ പഠിപ്പിച്ചതും ഈ ഒരു സത്യം മാത്രമായിരുന്നു. ഇതിൽ ഞാൻ മാത്രമല്ല ഉള്ളത് എന്ന് എനിക്കറിയാം. ഒരുപാട് പേർ എന്നെ സ്വാധീനിച്ചിട്ടുണ്ട്. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും അവരുടെ മിന്നാമിനുങ്ങു പ്രകാശം ഞാൻ കാണുന്നു. ഇവിടെ എന്റെ കുട്ടികളായിരുന്നു എന്റെ കൂടെ. അവരാണ് എനിക്ക് കിട്ടിയ ഏറ്റവും വലിയ അവാർഡ്. വിത്തുകൾ വിതറിയിരിക്കുന്നു. അത് വിതക്കുന്നവന്റെ കാര്യം. മഴയും വെയിലും ആകാശം തരും. പോഷകങ്ങൾ മണ്ണിലുണ്ട്. വിത്തുകൾ വളരും. കുറെ നശിക്കും. വളരുന്നവ പൂവിടും. കായുണ്ടാവും. അവ വിത്തുകളായി മുളച്ചുവരും. ഞാൻ വിത്തിട്ടിട്ട് പോകാൻ ഒരുങ്ങുന്നു. വിത്തുകൾ തുടർന്നും വിതക്കേണ്ടത് എന്റെ പ്രിയപ്പെട്ടവരായ നിങ്ങളുടെ ചുമതലയാണ്. ആരും രക്ഷകനെ പ്രതീക്ഷിച്ചിരിക്കേണ്ട. നിങ്ങൾ തന്നെയാണ് രക്ഷകൻ. നമ്മുടെ ഇക്കോ-സ്പിരിച്ച്വാലിറ്റി സന്ദേശം മറ്റുള്ളവരുമായി പങ്കുവയ്ക്കുക സമയം തീരുന്നു നല്ലത് വരട്ടെ.

പ്രസാദം ഈ ലക്കത്തോടെ നിർത്തുകയാണ്. എന്റെ ശരീരസ്ഥിതി അത്ര നല്ലതല്ല. പ്രസാദം ഞാൻ ആർക്കും കൈമാറുകയില്ല. അത് മഹാ അപരാധമായിരിക്കും എന്ന് പൂർവ്വകാലാനുഭവങ്ങൾ പഠിപ്പിച്ചിരിക്കുന്നു. എന്റെ എല്ലാ കൃതികളും

Reg. No.3551/93/L Dis Registered: KL/CR/TCR/347/2006-08
Licensed to post without prepayment: KL/TCR/WPP-06/2006-08
Posted at R.M.S., Thrissur-21. Date of posting: 28-11-2008

# ജഡ്ജിയുടെ നിയമനം: കല്പനക്കുമേൽ കല്പന

കഴിഞ്ഞ ആഗസ്തിൽ അല്ലാഹാബാദ് ഹൈക്കോടതിയിലെ ജഡ്ജിമാരിലൊരാളായി സതീശ് ചന്ദ്ര എന്നൊരാളെ നിയമിച്ചതു സംബന്ധിച്ച എല്ലാ കോടതി നടപടികളും സുപ്രീംകോടതി സ്റ്റേ ചെയ്തിരിക്കുന്നു. ചീഫ് ജസ്റ്റീസ് കെ.ജി. ബാലകൃഷ്ണനും ജ: സിർപുർക്കറും ജ: പി. സദാശിവവും അടങ്ങിയ ഒരു ബഞ്ചാണ് ഈ സ്റ്റേ ഓർഡർ നൽകിയത്.

മഹേശ് ചന്ദ്രഗുപ്ത എന്ന ഒരഭിഭാഷകനാണ് ഈ പ്രശ്നം ആദ്യമായി കോടതിയിലുന്നയിച്ചത്. ഒരു ജഡ്ജിയായി നയമിക്കപ്പെടാനുള്ള യോഗ്യതയൊന്നും സതീശ്ചന്ദ്രക്കില്ലെന്നായിരുന്നു ഇദ്ദേഹത്തിന്റെ പരാതി.

ഹൈക്കോടതിയിൽ ഒരു ജഡ്ജിയെ നിയമിക്കുന്നകിന്നുള്ള നിർദ്ദേശം വന്നാൽ ചീഫ് ജസ്റ്റീസും രണ്ടു സീനിയർ ജഡ്ജിമാരുമടങ്ങിയ ഒരു "കൊളിജിയം" അത് പരിശോധിക്കണം. ജഡ്ജിയായി നിയമിക്കപ്പെടാൻ ഉദ്ദേശിക്കുന്ന ആളെപ്പറ്റി ഒരന്വേഷണം നടത്താൻ അവർ മൂന്നു ജഡ്ജിമാരടങ്ങിയ ഒരു കമ്മിറ്റിയെ നിയമിക്കണം. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ച ശേഷമാണ് കൊളീജിയം അതിന്റെ ശുപാർശ സമർപ്പിക്കുന്നത്.

സതീശ് ചന്ദ്രയുടെ യോഗ്യതയെ ചോദ്യം ചെയ്തുകൊണ്ട് ഗുപ്തയുടെ ഹർജി പരിഗണനക്കുവന്നപ്പോൾ അല്ലാഹാബാദ് ഹൈക്കോടതിയുടെ ഒരു ഡിവിഷൻ ബഞ്ച് സതീശ് ചന്ദ്രയുടെ നിയമനം സംബന്ധിച്ച കമ്മിറ്റിയുടെ റിപ്പോർട്ടും കൊളീജിയത്തിന്റെ നിർദ്ദേശവും ഹാജരാക്കാൻ രജിസ്ട്രാറോട് ആവശ്യപ്പെട്ടു. ഇതിന്നെതിരെയാണ് സുപ്രീംകോടതി സ്റ്റേ ഓർഡർ നൽകിയിരിക്കുന്നത്.

സതീശ് ചന്ദ്രയുടെ യോഗ്യതയെ മാത്രം ചോദ്യം ചെയ്തിരിക്കുന്ന സാഹചര്യത്തിൽ അന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ടും കൊളീജിയിത്തിന്റെ ശുപാർശയും ഹാജരാക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത് അന്യായമാണെന്നാണ് രജിസ്ട്രാറുടെ പരാതി. ❑

സുരക്ഷിതമായ ഒരു സ്ഥലത്ത് ഉണ്ടായിരിക്കും. എങ്കിലും പുസ്തകങ്ങളെ ആശ്രയിക്കരുതേ! പ്രകൃതിയെ ആശ്രയിക്കുക. നിങ്ങളുടെ മനസ്സ് വഴി കാട്ടിത്തരും.

ഞാൻ പോയാൽ ചടങ്ങുകളും ആചാരങ്ങളും ചരമ പ്രസംഗങ്ങളും ഒഴിവാക്കണമേ എന്നൊരഭ്യർത്ഥനയുണ്ട്. സ്മാരകങ്ങളും വേണ്ട. എന്റെ ഈ ശരീരം ചൈതന്യമറ്റാൽ അത് അഗ്നിയിൽ സമർപ്പിക്കപ്പെടട്ടെ. എന്റെ അടുത്തുള്ള പ്രതിഷ്ഠാനം ബന്ധുക്കൾ ഇക്കാര്യം ഉറപ്പുവരുത്തണം.

എന്റെ സ്നേഹം എന്നും എന്നും നിങ്ങളുടെ കൂടെ കാണും.

സ്നേഹത്തോടെ,

സ്വന്തം ജോൺസി ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.